# മരിയദൂത്

A Schoenstatt Movement Publication



നോവിൽ വിരിയുന്ന പൂക്കൾ...

# നവ വൈദികർക്ക് ആശംസകൾ !



# മരിയദൂത്

**ഒരു ഷേൺസ്റ്റാട്ട് ത്രൈമാസിക**

**2018 February - April**

**2018 ഫെബ്രുവരി – ഏപ്രിൽ**



രക്ഷാധികാരി
**വെ. റവ. ഫാ. ജോയ് മടത്തുംപിടി** ISch

ചീഫ് എഡിറ്റർ
**ഫാ. ജോസ് പീറ്റർ അരഞ്ഞാണിയിൽ** ISch
Mob: 9400417552

എഡിറ്റർ
**ഫാ. ഷാജൻ മാണിക്യത്താൻ** ISch

സർക്കുലേഷൻ മാനേജർ
**ഫാ. ബിനോയ് പാണേൽ** ISch

എഡിറ്റോറിയൽ ബോർഡ്
**റവ. ഡോ. ജോയ് പുതുശ്ശേരി** ISch
**ഫാ. ജിജു കിലുക്കൻ** ISch
**ഫാ. ബിജോയ് കൊട്ടേക്കുടിയിൽ** ISch
**ഫാ. പ്രവീൺ വാതേലിൽ** ISch





Cover Design
**Saltt Media**

# താളുകളിലൂടെ......


**ലേഖനങ്ങൾ**

ഉത്ഥാന സന്ദേശം - **മാർ പോളി കണ്ണൂക്കാടൻ**

സ്നേഹം എല്ലാം സഹിക്കുന്നു - **ഡോ. കെ. എം. ഫ്രാൻസിസ്**

വസന്തം - **സി. ശോഭ (സി.എസ്.എൻ)**

നമ്മുടെ പെസഹാകുഞ്ഞാടായ ഈശോ - **ഡോ. ജോസഫ് തൊണ്ടിപ്പറമ്പിൽ**

ഉത്ഥാനത്തിന്റെ പ്രഭയിൽ - **ഫാ. തോമസ് ഇടയാൽ (എം.സി.ബി.എസ്)**

മനാസ്സെ - നീ മറക്കണം - **ബ്ര. സജിൻ ജോസഫ്** ISch

സഫലമീ സഹനം - **ബ്ര. ഷെൽബിൻ മാണിക്യത്താൻ** ISch

**കവിത**

സസ്നേഹം - **ബ്ര. ആകാശ്**

റാണി മരിയ - **ഫാ. അഗസ്റ്റിൻ പുന്നശ്ശേരി** (MCBS)

**കൂടാതെ...**

ബാലന്റെ സ്നേഹം - **ബ്ര. അരുൺ**

കള്ളൻ കട്ട മുതൽ

ചിരിക്കാൻ ചിന്തിക്കാൻ - **ജെ.കെ.**

പ്രവാചക ചരിത്രം - **ഡോ. ജോയ് പുതുശ്ശേരി** ISch

ബാലദൂത് - **ദോസ്ത്**

ഹൃദയമൊഴി - **ഡോ. ജോയ് പുതുശ്ശേരി** ISch

വാർത്താ ജാലകം



# എഡിറ്റോറിയൽ

# എന്റെ ഗുരു

യഹൂദ സിനഗോഗിൽ നിയമം പഠിപ്പിക്കാറുള്ള ഏതൊരു സാധാരണ ഗുരുവിനെയും സൂചിപ്പിക്കുന്ന പദമാണ് റബ്. ഇസ്രായേലിന്റെ പ്രവാസകാലത്തിനു ശേഷം ഇത്തരത്തിലുള്ള ഗുരുക്കന്മാരെ റബ്ബായി എന്നു വിളിച്ചു തുടങ്ങി. ഉത്ഥിതനായ ക്രിസ്തു, തന്നെ അന്വേഷിച്ചെത്തിയവളെ മറിയം എന്ന് പേര് ചൊല്ലി വിളിക്കുന്നതോടെ അവൾ തിരിഞ്ഞ് വികാരോജ്ജ്വലമായി വിളിച്ചു റബ്ബോനി – എന്റെ ഗുരുവേ! ക്രിസ്തുവാണ് തന്റെ ജീവിതത്തിലെ ഏറ്റവും വലിയ ഗുരു എന്ന് അവൾ പ്രഖ്യാപിക്കുന്നു.



യഹൂദ നിയമം പഠിപ്പിക്കുന്നവനാണ് റബ് അഥവാ ഗുരു. എന്നാൽ നിയമത്തിന്റെ അപ്പുറത്തേയ്ക്കു നീളുന്ന ജീവിതത്തിന്റെ മുഖം കാണുവാനും നിയമത്തിന്റെ അന്തസത്ത സ്നേഹവും കാരുണ്യവുമാണെന്നും മനപ്പൂർവ്വം മറന്നുപോയ യഹൂദ നിയമജ്ഞരേയും പണ്ഡിതരെയും മറികടന്ന് ക്രിസ്തു ഏറ്റവും വലിയ ഗുരുവായി മാറി.

വ്യഭിചാരത്തിൽ സ്ത്രീ പിടിക്കപ്പെട്ടാൽ, തങ്ങളുടെ പേര് വിളിച്ചു പറയും മുൻപേ കല്ലേറു തുടങ്ങാൻ ആംഗ്യം കാണിക്കുന്നവരിൽ നിന്നും വ്യത്യസ്തനായിരുന്നു മറിയം കണ്ടെത്തിയ ക്രിസ്തു എന്ന വലിയ ഗുരു. അവളെ അവൻ നിയമം പഠിപ്പിക്കുകയോ നിയമാനുസൃതം വിധിക്കുകയോ ചെയ്തില്ല മറിച്ച് സ്നേഹത്തിന്റെ നിയമത്തിലൂടെ ജീവിതത്തിന്റെ വഴിയിലേയ്ക്ക് കാരുണ്യപൂർവ്വം അവളെ കൈപിടിച്ചുയർത്തി. ദയയില്ലാത്ത മനുഷ്യരുടെ എണ്ണം കൂടുന്ന സമൂഹത്തിൽ നിയമങ്ങളുടെ സംഖ്യയിലും തോതിലുമെല്ലാം ആനുപാതിക ഉയർച്ചയുണ്ടാക്കും എന്ന് അവൻ അറിഞ്ഞിരുന്നു.


കുനിഞ്ഞുപോയ തന്റെ ശിരസ്സിനെ നിവർത്തി തന്നവനാണ് തന്റെ ഗുരു. ജനമദ്ധ്യത്തിലേക്ക് വലിച്ചിഴച്ചപ്പോൾ എനിക്കായി സ്വയം തലതാഴ്ത്തിയവനാണ് എന്റെ ഗുരു. ഇരുളിൽനിന്നും എന്റെ ആത്മാവിനെ വെളിച്ചത്തിലേയ്ക്ക് നയിക്കുന്നവനാണ് എന്റെ ഗുരു. മരണത്തെ ജയിച്ച് നിത്യതയിലേക്ക് എന്നെ ഉയർത്തുന്നവനാണ് എന്റെ ഗുരു.

നമ്മുടെയും ഉയിർപ്പിനു വേണ്ടി അവൻ ചെയ്ത കാര്യങ്ങൾ ഓർത്താൽ സ്വജീവിതാനുഭവത്തിൽ നിന്നും ആരാണ് മറിയത്തെപോലെ ക്രിസ്തുവിനെ വിളിച്ചുപോകാത്തത്..."എന്റെ ഗുരു"

ഉത്ഥാനതിരുനാൾ മംഗളങ്ങൾ നേർന്നുകൊണ്ട്

**ജോസച്ചൻ.**

# ഉത്ഥാന സന്ദേശം



**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

'ക്രിസ്തു നമ്മുടെ പാപങ്ങൾക്ക് വേണ്ടി മരിക്കുകയും സംസ്ക്കരിക്കപ്പെടുകയും എഴുതപ്പെട്ടിരിക്കുന്നതുപോലെ മൂന്നാംനാൾ ഉയിർപ്പിക്കപ്പെടുകയും ചെയ്തു.' (1 കൊറി.15/4). ഏവർക്കും ഈസ്റ്റർ മംഗളങ്ങൾ!

ആത്മവിശുദ്ധീകരണത്തിന്റേയും അനുരഞ്ജനപ്പെടലിന്റേയും ദിനങ്ങളിലൂടെ കടന്നുവന്ന് സമാധാനത്തിന്റേയും പ്രത്യാശയുടേയും സന്തോഷത്തിന്റേയും ഉത്ഥാനമഹത്വത്തിലേക്ക് നാം പ്രവേശിക്കുന്നു. അതുകൊണ്ട് തന്നെ ഉത്ഥാനത്തിരുനാൾ ഓരോ ക്രൈസ്തവനും പുതിയ ജീവനിലേക്കുള്ള കവാടമാണ്. മനുഷ്യജീവിതത്തിന്റെ ഏതവസ്ഥയിലും അവൻ നേരിടുന്ന സഹനങ്ങളുടെയും പീഢകളുടെയും മരണത്തിന്റെയും ഉത്തരമായാണ് ഉത്ഥിതനായ ക്രിസ്തു നിലകൊള്ളുന്നത്. ക്രിസ്തുവിന്റെ പീഢാസഹനവും മരണോത്ഥാനവും, പാപത്തിന് മരണത്തിനുള്ള മറുപടിയും അവയുടെ മേലുള്ള വിജയവുമാണ് (റോമ.8/34).

മനുഷ്യജീവിതത്തിന്റെ സഹനദൂരം നടന്നുതീർത്തവനും മരണത്തിന്റെ ആഴം അളന്നുതീർത്തവനുമായ ക്രിസ്തുവിനല്ലാതെ ആർക്കാണ് 'നിങ്ങൾ ഭയപ്പെടേണ്ട' എന്ന് ഉറപ്പിച്ച് പറയാനാവുക? കാരണം അവനിലാണ് ജീവനും മരണവും സമഞ്ജസമായി സമ്മേളിച്ചിരിക്കുന്നത്. സകല ശത്രുക്കളെയും തന്റെ പാദത്തിൻകീഴിലാക്കി, സകലത്തിൻമേലും അധികാരം നേടിയതും അവനാണ് (1കൊറി.15/25).

ഭയം, ആകുലത, ഉത്കണ്ഠ, അസ്വസ്ഥത എന്നിവയെല്ലാം മനുഷ്യജീവിതത്തിൽ നിരാശ സൃഷ്ടിക്കുന്നു. ആന്തരീകവും മാനസികവും ശാരീരികവുമായ സൗഖ്യം നഷ്ടപ്പെടുത്തുന്നു. അതുകൊണ്ടാണ് മുറിവുകളേറ്റ ദൈവം തന്നെ (ഏശ:53/5) അവയെ സുഖപ്പെടുത്തുവാൻ 'നിങ്ങൾ ഭയപ്പെടേണ്ട' എന്നരുൾച്ചെയ്തുകൊണ്ട് മനുഷ്യനെ സാന്ത്വനിപ്പിക്കുന്നത്. ഭിന്നതകൾകൊണ്ട്, കലഹങ്ങൾക്കൊണ്ട്, തെറ്റിദ്ധാരണകൾകൊണ്ട് മുറിവേറ്റ് അകന്നുകഴിയുന്ന വ്യക്തികൾക്ക്, കുടുംബങ്ങൾക്ക്, സഭാസമൂഹങ്ങൾക്ക്, രാഷ്ട്രങ്ങൾക്ക് ഉത്ഥിതനായ ക്രിസ്തു നൽകുന്ന സാന്ത്വനം ഒരു വലിയ പ്രത്യാശയാണ്; അഭയശിലയാണ് (സങ്കീ.94/22).

ഉത്ഥിതന്റെ സമാധാനാശംസ നൽകുന്നത് സന്തോഷവും ആനന്ദവുമാണ്. ലോകത്തിന് നൽകാനാവാത്ത സമാധാനമാണ് ക്രിസ്തു നൽകുന്നത്. അതുകൊണ്ടുതന്നെ അത് പൂർണ്ണവും പരിശുദ്ധവുമാണ്. ദുഷ്ടതയും കപടതയും ധനമോഹവും അധികാര

"അങ്ങ് എന്റെ പിതാവാണ് എന്നും അങ്ങയുടെ ഹൃദയത്തിലാണ് എന്റെ അഭയം എന്നും ഞാൻ അറിയുന്നു."



തൃഷ്ണയും എല്ലാം ചേർന്ന് മനുഷ്യജീവിതത്തിന്റെ ആന്തരികസമാധാനം നഷ്ടപ്പെടുത്തുന്ന ഈ കാലഘട്ടത്തിൽ, മനുഷ്യൻ ഉത്ഥിതനിലേക്ക് തിരിയേണ്ടതുണ്ട്. ഭയത്തിന്റേയും അസ്വസ്ഥതകളുടെയും ലോകത്തിൽനിന്ന് ക്രിസ്തുവിന്റെ സ്നേഹത്തിലേക്കും സമാധാനത്തിലേക്കും കടന്നുവരുവാൻ അവിടത്തോട് അനുരഞ്ജനപ്പെട്ട് ഐക്യപ്പെടുവാനുള്ള ഓർമ്മയാണ് ഉത്ഥാനതിരുനാൾ (1തെസ.5-10).

ക്രിസ്തുവിന്റെ മരണോത്ഥാന രഹസ്യങ്ങളുടെ ആദ്യഫലം, അത്, മനുഷ്യന് ദൈവപിതാവുമായി അനുരഞ്ജനപ്പെടുന്നതിന് അവനെ പ്രാപ്തനാക്കി എന്നതാണ്. എല്ലാ പ്രവചനങ്ങളും പൂർത്തിയാക്കിക്കൊണ്ട് സഹനത്തിലൂടെ സകല മനുഷ്യരേയും അവരുടെ പാപമാർഗ്ഗത്തിൽനിന്ന് പിന്തിരിപ്പിച്ച്(എഫേ.2/19) ദൈവഭവനത്തിലെ അംഗങ്ങളാക്കി. പത്രോസ് ശ്ലീഹ ഓർമ്മപ്പെടുത്തുന്നതും അത് തന്നെയാണ്. 'ദൈവം തന്റെ ദാസനെ ഉയിർപ്പിച്ച്, നിങ്ങളുടെ പക്കലേക്ക് നിയോഗിച്ചയച്ചത്, നിങ്ങൾ ദുഷ്ടതയിൽനിന്ന് അകന്ന് മാറേണ്ടതിനാണ്' (അപ്പ. പ്രവ. 3/29). ദൈവത്തിന്റെ ഈ ലക്ഷ്യം സഫലമാകണമെങ്കിൽ മനുഷ്യൻ അനുരഞ്ജനത്തിന്റെ പാതയിലൂടെ കടന്നുപോകേണ്ടതുണ്ട്.

ദൈവത്തിൽനിന്നും സഹോദരങ്ങളിൽനിന്നും നമ്മിൽനിന്നും പ്രകൃതിയിൽനിന്നും നമ്മെ അകറ്റുന്ന തിന്മയുടെയും പാപത്തിന്റെയും മരണത്തിന്റെയും ദൂഷിതവലയത്തിൽനിന്ന് വിമോചിപ്പിക്കാനുള്ളത് ക്രിസ്തു മാത്രമാണെന്ന് ഉത്ഥാനം നമ്മെ പഠിപ്പിക്കുന്നു.

മൂന്ന് ദിവസങ്ങൾക്കുശേഷം പിതാവായ ദൈവം മരണം എന്നതിന് ഉത്തരം നല്കി- ക്രിസ്തുവിന്റെ ഉത്ഥാനത്തിലൂടെ. ക്രിസ്തുവിന്റെ ഉയർപ്പ്, ലാസറിന്റെ ഉയിർപ്പ് പോലെയായിരുന്നില്ല. ലാസർ ഉയിർത്തത് വീണ്ടും മർത്യമായ ജീവൻ സ്വീകരിച്ച് അടക്കപ്പെടുന്നതിന് വേണ്ടിയാണ്; മരണം, മരണാനന്തരശുശ്രൂഷകൾ, വിലപിക്കുന്ന കുടുംബാംഗങ്ങൾ എന്നിവ വീണ്ടും ആവർത്തിക്കപ്പെടും. പക്ഷെ ക്രിസ്തുവിന്റെ ഉയർപ്പ്, മരണത്തിലൂടെ, മരണത്തെ കടന്നുപോകലാണ്. പിന്നെ മരണമില്ല. പൗലോസ് ശ്ലീഹ പറയുന്നതുപോലെ മരണത്തിന് ഇനി അവന്റെമേൽ അവകാശമില്ല(റോമ.8/34).

ശൂന്യമായ കല്ലറയിൽവെച്ച്, ഭയന്നും അമ്പരന്നും മുഖംകുനിച്ചും നിന്ന സ്ത്രീകളോട് (ലൂക്ക. 24/4-5) ദൂതന്മാർ പറഞ്ഞത് യേശുവിന്റെ വചനങ്ങൾ ഓർമ്മിക്കുവാനാണ്. അവന്റെ പ്രവൃത്തികൾ, സംഭാഷണങ്ങൾ, ചെയ്തികൾ, സ്നേഹപൂർവ്വമായ ഇടപെടലുകൾ എല്ലാം അവർ ഓർത്തെടുത്തപ്പോൾ അവർ ഉത്ഥാനത്തിന്റെ പ്രഘോഷകരായി. ഉത്ഥാനത്തിരുനാൾ ഒരു ഓർമ്മപ്പെടുത്തലാണ്. ക്രിസ്തുവിലേക്ക് തിരിച്ചുവരാൻ, പഴയ മനുഷ്യനെ നീക്കിക്കളയാൻ, ഒന്നുകൂടി ആഴപ്പെടാൻ, അവൻ ജീവിതത്തിൽ നൽകിയതെല്ലാം അനുസ്മരിക്കാൻ, ഒരിക്കൽകൂടി അവന്റെ വചനങ്ങൾ സംഗ്രഹിക്കാൻ, തുടർന്ന് ക്രിസ്തുവിന്റെ ഉത്ഥാനത്തിന്റെ സാക്ഷികളും പ്രഘോഷകരും ആകാനുള്ള ഓർമ്മപ്പെടുത്തൽ.

**ഏവർക്കും ഉത്ഥാനതിരുനാളിന്റെ**
**പ്രാർത്ഥനകളും മംഗളങ്ങളും.**

# സ്നേഹം എല്ലാം സഹിക്കുന്നു



**ഡോ. കെ.എം. ഫ്രാൻസിസ്**

ജനനം മുതൽ മരണം വരെ ഒരുവൻ തന്റെ ജീവിതത്തിൽ അനേകം വേദനകൾ അനുഭവിക്കുന്നുണ്ട്. വേദനകൾ അനുഭവിക്കുമ്പോൾ ദുഃഖമോ സന്തോഷമോ തോന്നാതെ, അവയെ സ്വാഭാവികതയായി സ്വീകരിച്ച് ജീവിത ലക്ഷ്യത്തിലേക്ക് മുന്നേറുന്നതാണ് സഹനം.

വേദനകളെ നിസ്സംഗതയോടെ നേരിടാൻ മനുഷ്യന് കഴിയുമോ? ഇക്കാര്യം വ്യക്തമാക്കാൻ വേദനകളോടുള്ള മനുഷ്യന്റെ പ്രതികരണം പരിശോധിച്ചാൽ വ്യക്തമാകും. ദൈവം മനുഷ്യനെ സൃഷ്ടിച്ചത് വേദനകളില്ലാതെയാണ്. ദൈവം മനുഷ്യന് നൽകിയ സ്വാഭാവികമായ പ്രകൃതിയിൽ വേദനയ്ക്ക് യാതൊരു സ്ഥാനവുമില്ല. എവിടെയല്ലാം ദൈവം സൃഷ്ടിച്ച പ്രകൃതിയ്ക്ക് ഭംഗം വരുന്നുവോ അപ്പോൾ മനുഷ്യനുണ്ടാകുന്ന അനുഭവമാണ് വേദന. മൂന്ന് കേന്ദ്രങ്ങളിൽ നിന്ന് മനുഷ്യന് വേദനകളുണ്ടാകുന്നു. a) പ്രകൃതി ദുരന്തങ്ങൾ b) സ്വന്തം ശരീരത്തിൽ ഉണ്ടാകുന്ന രോഗങ്ങൾ c) മറ്റു മനുഷ്യരിൽ നിന്നുണ്ടാകുന്ന വേദനകൾ എന്നിവയാണ് അവ.



ഈ മൂന്ന് തരം വേദനകൾ ഉണ്ടാകുമ്പോൾ മനുഷ്യൻ വേദനകളെ നേരിടുന്നതിനുപകരം വേദനകളുടെ കാരണത്തെയും കാരണക്കാരനെയും അന്വേഷിക്കുന്നു. ചില മതഗ്രന്ഥങ്ങൾ മനുഷ്യൻ അനുഭവിക്കുന്ന എല്ലാ വേദനകളുടെയും കാരണക്കാരൻ ദൈവമാണെന്ന് ആരോപിക്കുന്നു. മനുഷ്യന്റെ പാപങ്ങൾക്ക് ദൈവം നൽകുന്ന ശിക്ഷയാണ് വേദനയെന്ന് ചിലർ ആരോപിക്കുന്നു. ഇത് സ്രഷ്ടാവിനെക്കുറിച്ചുള്ള തെറ്റായ ധാരണയാണെന്ന് യേശു പഠിപ്പിക്കുന്നു. യേശു പറയുന്നു, ദൈവം ശിക്ഷിക്കുന്നവനല്ല രക്ഷിക്കുന്നവനാണ്. തന്റെ ഏകജാതനിൽ വിശ്വസിക്കുന്ന ഒരുവൻ പോലും നശിച്ചുപോകാതിരിക്കത്തക്കവിധം ദൈവം ഈ ലോകത്തെ അത്രമാത്രം സ്നേഹിക്കുന്നു.

**വേദനകളും പിശാചും.**

ചിലർ മനുഷ്യന്റെ വേദനകളുടെ കാരണത്തെ പിശാചിലാണ് കണ്ടുമുട്ടുന്നത്. ഉല്പത്തി വിവരണമനുസരിച്ച് ഹവ്വ പാപം ചെയ്യാനുള്ള കാരണം പിശാചിന്റെ പ്രലോഭനമാണ്. മനുഷ്യന്റെ വേദനകളുടെ മൂലകാരണം ദൈവമല്ല, പിശാചാണെന്ന് ഉല്പത്തി പുസ്തകം വിവരിക്കുന്നു.

പിശാചാണോ മറ്റുചിലതാണോ മനുഷ്യന്റെ വേദനകളുടെ കാരണമെന്ന് ജോബിന്റെ പുസ്തകം വിവരിക്കുന്നു. ജോബിന്റെ പുസ്തകം ആരംഭിക്കുന്നത് നീതിമാനായ മനുഷ്യന്റെ ചരിത്രം എന്ന മുഖവുരയോടു കൂടിയാണ്. നീതിമാനായ ജോബിന് പിശാച് വേദനകൾ നൽകി ദൈവത്തിൽ നിന്ന് അകറ്റുന്നുവെന്ന പ്രതീതിയോടെയാണ് ജോബിന്റെ പുസ്തകം മുന്നേറുന്നത്. ജോബിന്റെ പുസ്തകം വായി

“സഹനത്തേക്കാൾ വലുതായിരിക്കണം നിങ്ങളുടെ സ്നേഹം. അപ്പോഴാണ് മനസ്സുകൊണ്ട് കുരിശുകളെ സ്വീകരിക്കാൻ കഴിയുന്നത്”



ക്കുന്ന എല്ലാവരുടേയും ചിന്ത ഇതുതന്നെയാണ്. എന്റെ ജീവിതം നീതിമാന്റേതാണ്, എന്തായിരിക്കും എന്റെ വേദനകളുടെ കാരണം? ദൈവമല്ലെങ്കിൽ പിന്നെ പിശാചുതന്നെ.

എന്നാൽ മനുഷ്യന്റെ ഈ പൊതുധാരണയെ അട്ടിമറിയ്ക്കാനാണ് ജോബിന്റെ ഗ്രന്ഥം എഴുതിയ വ്യക്തിയുടെ ആഗ്രഹം. ഈ കഥ മുന്നോട്ടുപോയി അവസാനിക്കുന്നിടം മനോഹരമാണ്. ജോബ് അവസാനം ദൈവത്തെ മുഖാമുഖം കാണുന്നു. അപ്പോൾ ജോബ് പറയുന്നു "ഞാൻ പാപിയാണ്''. എങ്കിൽ എന്തുകൊണ്ടാണ് ജോബ് പാപിയാണെന്ന് കുറ്റപ്പെടുത്തിയ ജോബിന്റെ കൂട്ടുകാരെ ദൈവം ശാസിക്കുന്നത്. ''ഞാൻ പാപിയാണെന്ന്'' ഏറ്റുപറയാൻ മാത്രമെ ഒരുവന് അവകാശമുള്ളു, മറ്റൊരുവൻ പാപിയാണെന്ന് പറയാൻ ആർക്കും അവകാശമില്ല. മനുഷ്യന്റെ വേദനകളുടെ കാരണക്കാരൻ ദൈവമോ, പിശാചോ അല്ലെന്നും സ്വന്തം പാപമാണെന്നും ജോബിന്റെ പുസ്തകത്തിന്റെ അവസാന നിഗമനം വി. യാക്കോബ് ഇപ്രകാരം ഏറ്റുപറയുന്നു. "സ്വന്തം ദുരാശ പാപത്തെ പ്രസവിക്കുന്നു, പാപമോ മരണത്തേയും" എല്ലാ വേദനകളുടെയും പൂർണ്ണ രൂപമാണ് മരണം. അതിന്റെ മൂല സ്രോതസ്സാണ് ദുരാശ. ശ്രീബുദ്ധൻ വേദനയെ നേരിടാൻ ആശയെ നിഗ്രഹിക്കാൻ ഉപദേശിക്കുന്നു. ദുരാശയും മരണത്തിനുമിടയിലുള്ള പാപത്തെകുറിച്ച് ബുദ്ധമതം ഒന്നും പറയുന്നില്ല.

**ദുരാശയും മരണവും**

ദുരാശ എങ്ങനെ മനുഷ്യനിൽ വേരൂന്നുന്നു? എങ്ങനെ മനുഷ്യന്റെ വ്യക്തി, കുടുംബ, സാമൂഹിക ജീവിതത്തെ തകർക്കുന്നു? ഇക്കാര്യം വ്യക്തമാക്കാൻ പാപമെന്നാൽ ദൈവസ്നേഹത്തിന്റെ നിരസനമാണെന്ന പരമ്പരാഗത കത്തോലിക്ക വിശ്വാസത്തെ നാം മുറുകെ പിടിക്കണം. സ്നേഹിക്കപ്പെടാനുള്ള മനുഷ്യന്റെ ആഗ്രഹത്തെ സ്രഷ്ടാവിന്റെ സ്നേഹത്തിനു മാത്രമെ പൂർത്തീകരിക്കാനാകൂ. സ്രഷ്ടാവിന്റെ സ്നേഹം ആശിക്കുന്നതാണ് നല്ല ആശ. സൃഷ്ടികളിൽ നിന്ന് സ്നേഹം കൊതിക്കുന്നതാണ് ചീത്ത ആശ. മനുഷ്യൻ സ്നേഹിക്കപ്പെടാനുള്ള ആഗ്രഹത്തെ മാതാപിതാക്കളിലും ജീവിതപങ്കാളിയിലും മക്കളിലും പണത്തിലും പ്രകൃതിയിലും അന്വേഷിക്കുമ്പോൾ മനുഷ്യന്റെ പ്രശ്നങ്ങൾ ആരംഭിക്കുന്നു. സ്നേഹം ലഭിക്കാതായാൽ സ്നേഹം നൽകാനുള്ള കഴിവ് നഷ്ടപ്പെടുന്നു. സ്നേഹത്തിന്റെ ഒരു ഭാവം മാത്രമാണ് സഹനം. അതുകൊണ്ട് വേദനകളെ സ്വാഭാവികമായി നേരിടണമെങ്കിൽ -സഹിക്കണമെങ്കിൽ- ദൈവസ്നേഹത്താൽ നിറയുക എന്നത് മാത്രമാണ് പരിഹാരം.

**ദൈവം എന്നെ സ്നേഹിക്കുന്നുവോ?**

ദൈവം പരിശുദ്ധാത്മാവിലൂടെ മനുഷ്യഹൃദയത്തിലേയ്ക്ക് ചൊരിയുന്ന സ്നേഹം (റോമ 5:5) മനുഷ്യൻ നിഷേധിക്കുന്നുവെന്നതാണ് പാപമെന്ന് നാം കണ്ടു. സ്നേഹത്തിന്റെ നിരസനം മൂലം മനുഷ്യനെ കുറ്റബോധം വേട്ടയാടുന്നു. കുറ്റബോധമുള്ള മനുഷ്യന് ദൈവത്തിൽ നിന്ന് സ്നേഹം സ്വീകരിക്കാൻ കഴിയാതെ വരുന്നു. അവൻ ദൈവത്തിൽ നിന്ന് കൂടുതൽ കൂടുതൽ അകലുന്നു. അവസാനം അവൻ പന്നിക്കുഴിയിലെത്തുന്നു. പന്നിക്കുഴി പ്രതിനിധാനം ചെയ്യുന്നത് ആരും സ്നേഹിക്കാനില്ലാത്തതിന്റെ തീവ്രമായ വേദനയാണ്.

ഈ വേദനയിൽ പിതാവിന്റെ ഭവനത്തെകുറിച്ച് അഥവാ ദൈവസ്നേഹത്തെകുറിച്ച് ഓർമ്മ വരുമോ? വേദനിക്കുന്നവന് ദൈവസ്നേഹാനുഭവത്തിന്റെ ഓർമ്മ നൽകുന്നതാണ് സുവിശേഷ പ്രഘോഷണം. എല്ലാ സുവിശേഷ പ്രഘോഷണത്തിന്റെയും കേന്ദ്രം 'കെരിഗ്മ' യാണ്.

'കെരിഗ്മ' കേൾക്കുന്നതിലൂടെ ഒരുവന് ദൈവത്തിന്റെ സ്നേഹം ഓർമ്മവരുന്നു. എന്റെ പാപം മൂലം യേശു കുരിശിൽ മരിച്ചുവെന്നും, എന്നാൽ യേശു ഉത്ഥാനം ചെയ്തതുകൊണ്ട് എന്റെ പാപം നിലനിൽക്കുന്നില്ല എന്ന് ഒരുവൻ കേൾക്കുന്നതാണ് സുവിശേഷത്തിന്റെ കേൾവി. ഓരോ വി. കുർബ്ബാനയിലും സഭ ഇക്കാര്യം പ്രഘോഷിക്കുന്നു.

ഒരുവൻ ദൈവം സ്നേഹമാണെന്ന് ശ്രവിച്ചു എന്നതിന്റെ തെളിവെന്താണ്? സ്വന്തം സാഹചര്യങ്ങളെ ഒരുവൻ/ ഒരുവൾ പൂർണ്ണമായും ദൈവകരങ്ങളിൽ നിന്ന് സ്വീകരിക്കുന്നുണ്ടെങ്കിൽ അവൻ/അവൾ ദൈവസ്നേഹം അനുഭവിച്ചിട്ടുണ്ട്. ഉദാഹരണമായി ഒരുവീട്ടിലെ ഗൃഹനാഥൻ മദ്യപാനിയാണെന്ന് കരുതുക. ആ ഗൃഹനാഥനെ ആ വീട്ടിലെ ഭാര്യ എങ്ങിനെ സ്വീകരിക്കുന്നു? മക്കൾ എങ്ങനെ സ്വീകരിക്കുന്നു? എന്ന് പരിശോധിച്ചാൽ ആ വ്യക്തികൾ ദൈവസ്നേഹാനുഭവത്തിലാണോ എന്ന് തിരിച്ചറിയാം.

ഭർത്താവ് മദ്യപിച്ച് വരുമ്പോൾ എനിയ്ക്ക് അർഹിക്കുന്നതിനേക്കാൾ നല്ല ജീവിത പങ്കാളിയെ നൽകിയ ദൈവമേ ഞാൻ അങ്ങേയ്ക്ക് നന്ദി പറയുന്നുവെന്ന് പ്രാർത്ഥിക്കുവാൻ ഒരു സ്ത്രീക്ക് കഴിയുമോ? എനിയ്ക്ക് ഞാൻ അർഹിക്കുന്നതിനേക്കാൾ നല്ല അപ്പനെ നൽകിയ ദൈവമെ ഞാൻ അങ്ങേയ്ക്ക് നന്ദിപറയുന്നുവെന്ന് പ്രാർത്ഥിക്കുവാൻ മക്കൾക്ക് കഴിയുമോ? ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാത്ത ഒരു വീട്ടമ്മയെകുറിച്ച് ഭർത്താവിനും മക്കൾക്കും ഇതുപോലെ പ്രാർത്ഥിക്കുവാൻ കഴിയുമോ? മക്കൾ ഇത്തരത്തിൽ പ്രവർത്തിച്ചാൽ മാതാപിതാക്കൾക്ക് അവരെ ദൈവകരങ്ങളിൽ നിന്ന് സ്വീകരിക്കാൻ കഴിയുമോ?

ഇത്തരത്തിലുള്ള ആത്മീയ പ്രവർത്തിയിലൂടെയാണ്, തന്റെ ചുറ്റുമുള്ളവരെ, നമ്മുടെ ജീവിതത്തിന് എതിരായാലും അവരെ സ്വീകരിക്കാൻ നമുക്ക് കഴിയുക. ഇത്തരത്തിൽ ബന്ധങ്ങളിലൂടെ അനുഭവിക്കുന്ന വേദനകൾ, ജീവിതത്തിന്റെ സ്വാഭാവിക ഭാഗമെന്നപ്പോലെ സ്വീകരിക്കുന്നതാണ് കുടുംബജീവിതത്തിലെ സഹനം. ഈ സഹനത്തിലൂടെ യേശുക്രിസ്തുവിലൂടെ നമ്മിലേക്ക് ചൊരിയപ്പെട്ട പരിശുദ്ധാത്മാവിന്റെ സഹവാസംമൂലം നമുക്ക് ലഭിക്കുന്ന ദൈവസ്നേഹാനുഭവം വളർച്ച പ്രാപിക്കുന്നു. എന്നാൽ നാം സുവിശേഷം കേൾക്കുകയും, അൾത്താരയിൽ നിന്ന് 'കെരിഗ്മ' അനുഭവിക്കുകയും ചെയ്തിട്ട്, നമ്മുടെ ജീവിതത്തിൽ വേദനകളുണ്ടാകുമ്പോൾ അവയെ ദൈവകരങ്ങളിൽ നിന്ന് സ്വീകരിക്കാതാകുമ്പോൾ, നമുക്ക് ദൈവം നൽകിയ സ്നേഹാനുഭവത്തിന്റെ ഓർമ്മ മാഞ്ഞുപോകുന്നു. അതുകൊണ്ട് അടിസ്ഥാന ബന്ധങ്ങളിൽ നിന്ന് (അപ്പൻ, അമ്മ, സഹോദരൻ, സഹോദരി, ബന്ധുമിത്രാദികൾ) വേദനകളുണ്ടാകുന്ന അവസരങ്ങളിലെങ്കിലും, അതിനെ ദൈവകരങ്ങളിൽ നിന്ന് സ്വീകരിക്കാൻ ഒരു വ്യക്തിക്ക് കഴിയട്ടെ. ചെറിയ കാര്യങ്ങളിൽ വിശ്വസ്തരായവർക്ക് മാത്രമെ വലിയ കാര്യങ്ങളിൽ വിശ്വസ്തരാകുവാൻ കഴിയുകയുള്ളൂ. ■

**ഡോ. കെ. എം. ഫ്രാൻസിസ്:** ഇക്കണോമിക്സിൽ ബിരുദാനന്തരബിരുദവും ഗവേഷണ ബിരുദവും. ഫിലിപ്പൈൻസ്, ഇറ്റലി എന്നീ രാജ്യങ്ങളിലെ യൂണിവേഴ്സിറ്റികളിൽ നിന്നും സാമൂഹികശാസ്ത്രത്തിൽ ഡിപ്ലോമ. 1981 മുതൽ 2015 വരെ തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ പ്രൊഫസറായി സേവനം. ഇന്റർ യൂണിവേഴ്സിറ്റി അദ്ധ്യാപകൻ, കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിലെ കാലാവസ്ഥ വ്യതിയാന പഠനകേന്ദ്രം, തൃശ്ശൂർ മേരിമാതാ മേജർ സെമിനാരി, പൗരസ്ത്യ വിദ്യാപീഠം, കോട്ടയം എന്നിവിടങ്ങളിൽ പരിസ്ഥിതി ശാസ്ത്രം, തത്വശാസ്ത്രം, ദൈവശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ വിസിറ്റിംഗ് പ്രൊഫസർ. കൂടാതെ അറിയപ്പെടുന്ന പ്രാസംഗികനും എഴുത്തുകാരനുമാണ്.



# വസന്തം

**സി. ശോഭ സി.എസ്.എൻ**
(ചീഫ് എഡിറ്റർ, അമ്മ മാസിക)

ഒരു വിധവയുടെ (മിൽഡ്രെഡ് ക്രെന്റൽ) ആത്മഭാഷണങ്ങളിലൂടെ കടന്നുപോവുകയായിരുന്നു. ഹൃദയത്തെ തൊട്ടു അത്. അയാൾക്കുള്ള പ്രണയാതുരമായ കത്തുകളോടെയാണ് ആ കുറിപ്പുകൾ ആരംഭിക്കുന്നതും അവസാനിക്കുന്നതും. 55 വർഷത്തെ ദാമ്പത്യത്തിനുശേഷമാണയാൾ കടന്നു പോയത്. അതിൽ ഒരു മിനിറ്റ്, ഒരേയൊരു മിനിറ്റ് തിരികെ കിട്ടിയിരുന്നെങ്കിൽ എന്നവർ തീവ്രമായി ആശിക്കുന്നുണ്ട്. അതു നല്ലതോ മോശമോ ആകട്ടെ, താൻ അത് പൂർണമായും ആസ്വദിക്കും എന്ന് ഒരിടത്തവർ കുറിക്കുന്നുണ്ട്.



കൈവശമുള്ളപ്പോൾ അശ്രദ്ധമായി ഉപയോഗിക്കുക. കൈവിട്ടു പോകുമ്പോൾ തീവ്രമായി കാംക്ഷിക്കുക. ഇത് ഓരോ മനുഷ്യന്റെയും തലവരയാണോ... ജെയിംസ് ആൻഡ് ആലീസ് മിക്കവാറും കുടുംബങ്ങളുടെ നേർക്കുപിടിച്ച കണ്ണാടിയാണെന്നു തോന്നി. ഏതൊരു ദാമ്പത്യത്തിലും സംഭവിക്കുന്ന ചെറിയ പ്രശ്നങ്ങളേ അവർക്കിടയിലുമുണ്ടായുള്ളൂ. മറ്റൊരു രീതിയിൽ പ്രതികരിച്ചിരുന്നെങ്കിൽ കുറേക്കൂടി മനോഹരമാകുമായിരുന്നു ദാമ്പത്യം. പക്ഷേ, രണ്ടുപേരുടെയും വാശിയും ഈഗോയും കാര്യങ്ങൾ കൂടുതൽ മോശമാക്കുന്നു. ഭാഗ്യം, സിനിമയിൽ അവർക്കു പുതിയൊരു ജീവിതത്തിനുള്ള ഊഴം ലഭിക്കുന്നുണ്ട്. അങ്ങനെയൊരു സാധ്യത നമുക്കുറപ്പിക്കാനാവില്ലല്ലോ. കിട്ടിയ ചീട്ട് മാറിയെടുക്കാനും വയ്യ. പിന്നെ ചെയ്യാവുന്നതിതേയുള്ളൂ – കയ്യിലിരിക്കുന്ന ചീട്ടു വച്ച് നന്നായി കളിക്കുക. അതിനു ചില ഗൃഹപാഠങ്ങൾ കൂടി ആവശ്യമുണ്ട്.

ഇംഗ്ലീഷിൽ lent എന്ന പദമാണ് നോമ്പിനെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്നത്. വസന്തം എന്നർത്ഥമുള്ള lencten എന്ന പഴയ ഇംഗ്ലീഷ് പദത്തിൽ നിന്നാണ് ആ വാക്കിന്റെ ഉല്പത്തി. ഋതുക്കളിലെ വസന്തത്തെയാണത് സൂചിപ്പിക്കുന്നതെങ്കിലും നമ്മുടെ ബന്ധങ്ങളിലെ നഷ്ടവസന്തങ്ങളെ തിരികെപിടിക്കാനുള്ള ക്ഷണവും ആ വാക്കിലുണ്ട്. ദൈവത്തോടും മനുഷ്യരോടുമുള്ള ബന്ധങ്ങൾ. നിങ്ങൾ തിരികെ വരുവിൻ എന്നാണ് പ്രവാചകനിലൂടെ അവിടുന്നു ക്ഷണിക്കുന്നത്. സ്നേഹത്തിലേക്കുള്ള ഒരു മടക്കയാത്ര. ചെറുതെന്നു തോന്നിയേക്കാ



വുന്ന ചില കാര്യങ്ങളിലുള്ള ശ്രദ്ധകൊണ്ട് ആ മടക്കയാത്ര എളുപ്പമാക്കാവുന്നതേയുള്ളൂ.

കുടുംബത്തിൽ ധാരാളമായി ഉപയോഗിക്കണമെന്ന് ഫ്രാൻസിസ് പാപ്പ ആവശ്യപ്പെട്ട ആ മൂന്നു വാക്കുകൾ ഓർമിക്കുന്നുണ്ടാവും. may I, thanks, sorry... ആലോചന ചോദിക്കാതെ, നന്ദിയില്ലാതെ, മാപ്പുചോദിക്കാതെ ഏതു ബന്ധമാണു നിലനില്ക്കാൻ പോകുന്നത്. ദൈവവുമായിട്ടാവുമ്പോൾ നമുക്കതു വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നില്ല. മനുഷ്യരുടെ കാര്യത്തിൽ അങ്ങനെയല്ല. എന്നാൽ, അതിനു തയ്യാറാവുന്ന മനുഷ്യർക്കാകട്ടെ അപൂർവഭംഗിയുള്ള ബന്ധങ്ങളുടെ ഭാഗ്യമുണ്ടാകുന്നു.



പലപ്പോഴും സംഭവിച്ചുകൊണ്ടിരിക്കുന്നതിതാണ്; വീട്ടിൽ എല്ലാക്കാര്യത്തിലും ഒരാൾ തീരുമാനമെടുക്കുന്നു, നടപ്പിലാക്കുന്നു. ബാക്കിയുള്ളവർ അതിനു വിധേയപ്പെടുന്നു. സ്ത്രീകളുടെയും കുട്ടികളുടെയും താത്പര്യം തന്നെയാണ് പലപ്പോഴും പരിഗണിക്കപ്പെടാതെ പോകുന്നത്. ഓരോരോ കാര്യങ്ങളിൽ അവരുടെ മനസെന്താണെന്നുകൂടി അന്വേഷിക്കാനുള്ള സാവകാശം കാണിക്കുമെങ്കിൽ കാര്യങ്ങൾ എത്ര വ്യത്യസ്തമായേനെ. അതിനു നിങ്ങൾ കാണിക്കുന്ന ആ സൗമനസ്യമുണ്ടല്ലോ, അതു നിങ്ങൾക്കിടയിലെ ഇഴയടുപ്പം വർദ്ധിപ്പിക്കാനുള്ള ഒന്നാമത്തെ പ്രേരണയാകുന്നു. ഒപ്പം നിങ്ങളെ അതിശയിപ്പിക്കുന്ന ആത്മാർത്ഥതയോടെ അവരതിൽ സഹകരിക്കുകയും ചെയ്യും.

വേണ്ടിവന്നാൽ ഒരു സോറി പറയാൻ ലജ്ജിക്കാതിരിക്കുക എന്നതാണടുത്തത്. എത്ര ശ്രദ്ധിച്ചാലും നിനച്ചിരിക്കാതെ അതിനു ചില കാരണങ്ങൾ ഉണ്ടാകും. നിങ്ങൾക്കു സംഭവിക്കുന്ന ഒരിടർച്ച, അതു മനുഷ്യസഹജമെന്നു മനസിലാക്കാൻ മാത്രം ബുദ്ധിയും നന്മയുമുള്ളവരാണ് നിങ്ങൾക്കു ചുറ്റിനുമുള്ളത്. പക്ഷേ, ഒരേറ്റു പറച്ചിൽ, അതുണ്ടാക്കാൻ പോകുന്ന വ്യത്യാസം നിങ്ങളൂഹിക്കുന്നതിൽ കൂടുതലാണ്. വഴിവിട്ട ചില ബന്ധങ്ങളിൽ കുരുങ്ങി, ഒടുവിൽ തല കുനിച്ച് ആദ്യസ്ത്രീയുടെ അടുത്തേക്കു വരുമ്പോൾ അയാളെ പരിഭവങ്ങളില്ലാതെ ചേർത്തുപിടിക്കുന്ന സ്ത്രീകളെ കണ്ടിട്ടില്ലേ. അത് സ്ത്രീകളുടെ മാത്രം പ്രത്യേകതയാണെന്നല്ല പറഞ്ഞുവരുന്നത്. ധൂർത്തപുത്രന്മാരെയും – പുത്രികളെയും കാത്തിരിക്കുന്ന ആ അപ്പന്റെ ചങ്ക് എല്ലാവരുടെ ഉള്ളിലുമുണ്ട്. അപരാധം ഏറ്റു പറയാൻ തുടങ്ങുന്നതിനുമുൻപേ വായ്പൊത്തി നിങ്ങളെ തടയാൻ മാത്രം കരുണയുള്ളവർ. തോൽവി സമ്മതിച്ചു നില്ക്കുന്ന ഒരാൾക്കുമുന്നിൽ പിന്നെയും കഠിന ചിത്തരാകുന്നവർ എന്തായാലും മനുഷ്യരല്ല. നോക്കൂ, ഒരേറ്റു പറച്ചിലിനുശേഷം നിങ്ങളുടെ ബന്ധം കുറേക്കൂടി മുറുകുകയാണ്. അതിനുള്ള

വിനയവും സത്യസന്ധതയുമില്ലാത്തതുകൊണ്ട് ധ്രുവങ്ങളുടെ അകലമുള്ള ഹൃദയവുമായി ഒരേ മേല്ക്കൂരയ്ക്കുകീഴെ നമ്മളിങ്ങനെ മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നു. ഒരേറ്റുപറച്ചിലിൽ അവസാനിക്കാവുന്ന എത്രയോ പിണക്കങ്ങളാണ് ഇങ്ങനെ എരിഞ്ഞ് എരിഞ്ഞ് ഒടുവിൽ വീടിനെത്തന്നെ കത്തിച്ചുകളയുന്നത്.

നന്ദി എന്ന പദമാണ് മൂന്നാമത്തേത്. അതു വീടിനകത്ത് പറഞ്ഞു തീർക്കേണ്ട ഒരു വാക്കെന്നതിനെക്കാൾ പരസ്പരം പുലർത്തേണ്ട ഒരു നിലപാടാണ്. നോക്കൂ, ലോകത്തിൽ മറ്റാരെക്കാളും മറ്റെന്തിനെക്കാളും നിങ്ങളെ സ്നേഹിക്കുന്നവരാണ് അവിടെയുള്ളത്. അവരുടെ ത്യാഗത്തിനു പകരം വയ്ക്കാനെന്തുണ്ട്. നമ്മുടെ ഇഷ്ടത്തിനൊത്ത് അവരുടെ ഇഷ്ടങ്ങളും നമ്മുടെ സൗകര്യത്തിനൊത്ത് അവരുടെ ദിവസവും ക്രമപ്പെടുത്തുന്നവർ വേറെ എവിടെയാണുള്ളത്.. ചെറിയ ചെറിയ തർക്കങ്ങളോ പിണക്കങ്ങളോ ഒക്കെ ഉണ്ടായിട്ടുണ്ടാകാം. അതിനെക്കാൾ എത്രയോ കൂടുതലായിരിക്കും അവരിൽ നിന്ന് നമ്മളനുഭവിക്കുന്ന നന്മകൾ. വീട്ടിലെ കൊച്ചുവർത്തമാനങ്ങൾക്കിടെ ഇത്തരം കാര്യങ്ങൾകൂടി പരാമർശിക്കുന്നത് നമ്മുടെ നന്ദി അറിയിക്കാനുള്ള ഒരു വഴിയാണ്. അമ്മ പാകം ചെയ്ത കറിയും അപ്പൻ വാങ്ങിത്തന്ന വസ്ത്രവും നിങ്ങളെ സന്തോഷിപ്പിച്ചു എന്നു കേൾക്കാനുള്ള ആഗ്രഹം അവർക്കുമില്ലേ. അങ്ങനെ എത്രയോ കാര്യങ്ങൾ. വീടിനുവേണ്ടിയുള്ള തന്റെ അദ്ധ്വാനവും അലച്ചിലും ഓരോരുത്തരും പരസ്പരം മനസിലാക്കുന്നുണ്ട് എന്നറിയുന്നതുതന്നെ എന്തൊരാശ്വാസമായിരിക്കും പകരുന്നത്. പലപ്പോഴും അതവരുടെ കടമയും നമ്മുടെ അവകാശവുമെന്ന മട്ടിൽ അനുഭവിച്ച് തീരെ നന്ദിയില്ലാത്തവരായി നമ്മൾ മാറുകയാണ്.

ഇത്തരം ചെറിയ കാര്യങ്ങൾതന്നെയാണ് ഒരു വീടിനെ സ്വർഗമായും നരകമായും രൂപാന്തരപ്പെടുത്തുന്നത്. മുകളിൽ സൂചിപ്പിച്ച മുഴുവൻ നന്മകളും നിറഞ്ഞുനിന്ന ഒരു വീടുണ്ടായിരുന്നു. യേശു വളർന്ന നസ്രത്തിലെ വീട്. ഭൂമിയിലെ ഏറ്റവും മനോഹരമായ കുടുംബം എന്നു വിശേഷിപ്പിക്കാവുന്ന ആ കുടംബത്തെക്കുറിച്ചുള്ള ഒരു പുസ്തകം കിട്ടി. സ്വർഗം പോലും ആദരവോടെ നോക്കിനിന്ന അവരുടെ ജീവിതത്തിന്റെ രഹസ്യമെന്തായിരുന്നു എന്ന് അതിൽ വായിച്ചെടുക്കാം. ജോസഫിന്റെ ആത്മീയ ജീവിതയാത്ര എന്ന പേരിൽ അതു മലയാളത്തിലുണ്ട്. അസാധാരണമായ ആദരവ് അവർ പരസ്പരം പുലർത്തുന്നുണ്ട്. ജോസഫാണ് അതിനു മുന്നിൽ. ഒരു നോട്ടം കൊണ്ടുള്ള പോറൽ പോലും അവൾക്കും കുഞ്ഞിനും ഏല്ക്കാതിരിക്കാൻ അതീവ ശ്രദ്ധാലുവാണ് ജോസഫ്. അത്രയും ശ്രദ്ധയും കരുതലുമൊക്കെ പുലർത്താൻ ഓരോരുത്തരും ശ്രമിക്കുമെങ്കിൽ നമ്മുടെ വീടിനും ആ ഭാഗ്യമുണ്ടാകും.

വലിയ സംഭവങ്ങളൊന്നുമല്ല ഇപ്പറയുന്ന കാര്യങ്ങൾ. വിവാഹത്തിന്റെ ആദ്യദിനങ്ങളിൽ ഓരോരുത്തരും ചെയ്തുകൊണ്ടിരുന്ന കാര്യങ്ങളൊക്കെത്തന്നെയാണ്. അന്ന് രണ്ടുപേരും മറ്റെ

"നല്ല കാര്യങ്ങൾക്കുവേണ്ടി തുറവിയുള്ളവരായിരിക്കുക എല്ലാ കാര്യങ്ങളിലും നന്മ കാണുവാൻ പരിശ്രമിക്കുക"



യാളുടെ താത്പര്യമായിരുന്നു എപ്പോഴും അന്വേഷിച്ചുകൊണ്ടിരുന്നത്. അതുതന്നെയായിരുന്നു നിങ്ങളുടെ സ്നേഹം തീവ്രമാക്കിയതും. പതിയെ അത്തരം കാര്യങ്ങൾ അവഗണിച്ചു തുടങ്ങിയതോടെ, സ്നേഹവും മഞ്ഞുപോലെ തണുത്തു. ഒന്നു മനസുവച്ചാൽ ആ നല്ല ദിനങ്ങളെ തിരികെ പിടിക്കാവുന്നതേയുള്ളൂ. ആവർത്തനമില്ലാത്ത ഈ ജീവിതത്തിൽ എത്ര കുറച്ചുകാലമാണ് നമ്മളിവിടെയിങ്ങനെയെന്ന് ഒന്നോർത്താൽ മതി. ആലീസിന്റെ ജെയിംസിനോടു പീറ്റർ പറഞ്ഞ ആ വാക്കുകൾ മറന്നോ: ഒന്നാലോചിച്ച് നോക്ക്. ഒരു അറു പതുവയസുകാരനു കിട്ടുന്നത് 21900 ദിവസങ്ങൾ. അതിൽ പകുതി സമയം രാത്രിയാണ്. കിടന്നുറങ്ങുകയായിരിക്കും. ബാക്കി 10950 പകൽ. ഉച്ചയ്ക്ക് കിടന്നുറങ്ങുന്നവന് പിന്നെയും ആയുസ്സുകുറയും... അത്രേയുള്ളൂ മനുഷ്യന്റെ ഈ പോക്കറ്റിൽ. ചുരുക്കിപ്പറഞ്ഞാൽ മനുഷ്യൻ അത്ര വലിയ സംഭവമൊന്നുമല്ലെടോ...

കവിത

ബ്രദർ ആകാശ്

# സസ്നേഹം



സ്നേഹമെന്നതെന്തെന്നു അറിയാതെ
നാം ലോക സുഖങ്ങൾക്കു പിന്നാലെ
പായുന്ന നാൾ വന്നിടുന്നു.
അമ്മതൻ സ്നേഹം അറിയാതെ
നാം അമ്മയെ നിന്ദിപ്പൂ നാൾ വന്നിടുകിൽ
പിടയുന്നനാൾ വന്നീടിനാൽ
ചിരകാല അസ്തിരമാം നമ്മൾ തൻ-
ബന്ധങ്ങൾ, സ്നേഹിച്ചിടുവിൻ
അതിർ വരമ്പുകൾ ഇല്ലാതെൻ
ഏവരേയും സ്നേഹിച്ചിടുവിൻ
സ്നേഹത്തിന്റെ വില അറിയാതെ
നാം സ്നേഹ ബന്ധങ്ങൾ തൻ
കെട്ടുകൾ വേർപ്പെടുത്തുകിൽ
നമ്മൾ തൻ സുഖങ്ങളിൽ മുഴുകുകിൽ
ബന്ധങ്ങൾ തൻ വില അറിയുന്ന
നാൾ വന്നിടുകിൽ അന്നു നാം
തിരിച്ചറിയുകിൽ
ഷണഭംഗരമാം. ബന്ധുമിത്രാദികൾ
ഒന്നിച്ചിടുന്നീ ജീവിതം
കാലാഹിനമാം നമ്മൾ തൻ
ബാഹ്യമാം ശരീരം മരിച്ച് മണ്ണായിടുന്നു
സ്നേഹിച്ചിടുവിൻ സകലരേയും



വര - ബ്രദർ എയ്ബൽ

# നമ്മുടെ പെസഹാകുഞ്ഞാടായ ഈശോ




(മാനന്തവാടി രൂപതാ വൈദികൻ, അറിയപ്പെടുന്ന ബൈബിൾ പണ്ഡിതൻ, ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ ദീർഘകാല അദ്ധ്യാപകൻ, ഡിവൈൻ ബൈബിൾ കോളേജ്, പി.ഒ.സി എന്നിവിടങ്ങളിൽ ബൈബിൾ അദ്ധ്യാപകൻ)

**ഡോ. ജോസഫ് തൊണ്ടിപ്പറമ്പിൽ**

പരിശുദ്ധ കുർബാനയുടെ സ്ഥാപനത്തെപ്പറ്റി ഏറ്റവും ആദ്യം എഴുതപ്പെട്ട സാക്ഷ്യം നമ്മൾ കാണുന്നത് 1 കോറി 11, 23-26-ൽ ആണ്. പൗലോസ് ശ്ലീഹാ കോറിന്തിലെ സഭയ്ക്ക് എഴുതിയ ലേഖനം എ.ഡി. 55-ൽ രചിക്കപ്പെട്ടതാണെന്ന് കരുതപ്പെടുന്നു. സുവിശേഷങ്ങളിലെ സാക്ഷ്യം (മാർക്കോ 14,22-24; മത്താ 26, 26-28; ലൂക്കാ 22, 17-20) എല്ലാം തന്നെ എ.ഡി. 65നു ശേഷം എഴുതപ്പെട്ടതാണ്. കോറിന്തിക്കാർക്കുള്ള ലേഖനത്തിൽ "നമ്മുടെ കുഞ്ഞാട് " എന്നാണ് പൗലോസ് ശ്ലീഹാ കർത്താവിനെ വിശേഷിപ്പിച്ചിരിക്കുന്നത് (1 കോറി 5,7). കർത്താവിനെ പെസഹാകുഞ്ഞാട് എന്ന് വിശേഷിപ്പിച്ചിരുന്നതിന്റെ പൂർണ്ണമായ അർത്ഥം മനസ്സിലാക്കാൻ പഴയനിയമത്തിൽ യഹൂദർ അനുഷ്ഠിച്ച് പോന്ന പെസഹായുടെ അർത്ഥതലങ്ങൾ മനസ്സിലാക്കുന്നത് സഹായകരമാണ്.

**യഹൂദരുടെ പെസഹാ തിരുനാൾ**

നീസ്സാൻ മാസം 14-ാം തിയതിയാണ് യഹൂദർ പെസഹാത്തിരുന്നാൾ ആഘോഷിച്ചിരുന്നത്. ഈ തിരുന്നാൾ എങ്ങനെയാണ് ആഘോഷിക്കേണ്ടത് എന്നത് വിശദമായി പുറ 12, 43-13,10 ൽ പ്രതിപാദിച്ചിരിക്കുന്നു. വർഷംതോറും നിശ്ചിതസമയത്ത് ആചരിക്കണം. (പുറ 13,10) എന്ന കൽപനയാണ് ദൈവം ഇസ്രായേൽക്കാർക്ക് നൽകിയിരിക്കുന്നത്. യഹൂദപാരമ്പര്യത്തിൽ അവർ വർഷംതോറും ആഘോഷിച്ചിരുന്ന മൂന്നു തിരുനാളുകളിൽ - പെസഹാത്തിരുന്നാൾ; പന്തക്കുസ്താത്തിരുനാൾ; കൂടാരത്തിരുന്നാൾ - ഏറ്റവും പ്രധാനപ്പെട്ടതും പെസഹാതിരുനാളായിരുന്നു. ഈജിപ്തിലെ അടിമത്വത്തിൽ നിന്ന് ദൈവം അത്ഭുതകരമായി തങ്ങളെ മോചിപ്പിച്ചതിന്റെ ഓർമ്മയ്ക്കായിട്ടാണ് യഹൂദർ പെസഹാതിരുനാൾ ആഘോഷിച്ചിരുന്നത്.



**പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുന്നാൾ**

ഈജിപ്തിലെ അടിമത്വത്തിൽ നിന്നുള്ള മോചനത്തിന്റെ ഓർമ്മയാചരണമായിരുന്നെങ്കിലും കാലക്രമത്തിൽ വിവിധ പാരമ്പര്യങ്ങളുടെ ഓർമ്മ പെസഹായോടൊത്തു നടത്തിയിരുന്നതായിട്ടാണ് ചരിത്രകാരന്മാർ സാക്ഷ്യപ്പെടുത്തുന്നത്. നാടോടികളും ഇടയന്മാരുമായി നടന്ന കാലത്തെ അവരുടെ ചില ആചാരങ്ങൾ കാർഷിക വൃത്തി സ്വീകരിച്ചതോടുകൂടി സമൂഹ ജീവിതത്തിന്റെ പരമ്പരാഗത ആഘോഷങ്ങളുടെ ഭാഗമാക്കി അവർ തീർത്തു.

ഇവയെല്ലാം പെസഹാ ആചരണത്തിന്റെ ഭാഗമായിത്തീരുകയും അവരുടെ മതജീവിതത്തിൽ പുതിയ അർത്ഥത്തോടുകൂടി സ്വീകരിക്കപ്പെടുകയും ചെയ്തു. പുറ 12,43–13,10 വരെയുള്ള വേദപുസ്തകഭാഗം തന്നെയും പിൽക്കാല പാരമ്പര്യങ്ങളുടെ സാക്ഷ്യമായിട്ടാണു കണക്കാക്കപ്പെടുന്നത്. എന്നാൽ അതിന്റെയെല്ലാം അടിസ്ഥാനമായി നിന്നിരുന്നത് ഈജിപ്തിൽ നിന്നുള്ള മോചനമായിരുന്നു.

തോറാ (യഹൂദമതഗ്രന്ഥം)യുടെ വിശദീകരണങ്ങളായി കണക്കാക്കപ്പെടുന്ന മിഷ്ണായിൽ പെസഹാ ആചരണത്തിന്റെ വിശദാംശങ്ങൾ കാണാം. അതിന് അടിസ്ഥാനമായി നിൽക്കുന്നത് പുറപ്പാടു ഗ്രന്ഥത്തിലെ നിയമങ്ങളാണ്. ഇസ്രായേൽ ജനത്തിനു മാത്രമേ പെസഹാ ഭക്ഷണത്തിൽ പങ്കെടുക്കാൻ അവകാശമുണ്ടായിരുന്നുള്ളൂ. അവർ പെസഹാ ആഘോഷിക്കാൻ ഒരുമിച്ചു കൂടുന്ന ഭവനത്തിന്റെ വാതിൽപ്പടിയിന്മേൽ പെസഹാക്കുഞ്ഞാടിന്റെ രക്തം പുരട്ടണമായിരുന്നു. പെസഹാത്തിരുനാളിനായി ബലിയർപ്പിച്ചിരുന്ന കുഞ്ഞാടിന്റെ മാംസം തീയിൽ ചുട്ടുവേണം ഭക്ഷിക്കുവാൻ. മറ്റുതരത്തിൽ പാകം ചെയ്ത് അത് ഭക്ഷിക്കാൻ പാടില്ലായിരുന്നു.

കുഞ്ഞാടിന്റെ മാംസത്തോടൊപ്പം പുളിയില്ലാത്ത അപ്പമാണ് കഴിക്കേണ്ടിയിരുന്നത്. അതിന്റെ കൂടെ കയ്പുള്ള ഇലകളും കഴിക്കണമായിരുന്നു. കാലക്രമത്തിൽ വിവിധ പ്രാർത്ഥനകളോടെ നാലു പ്രാവശ്യം വീഞ്ഞു നിറച്ച പാനപാത്രത്തിൽ നിന്നു ഭക്ഷണം കഴിക്കാൻ ഇരുന്നവർ കുടിച്ചിരുന്നതിൽ മൂന്നാമത്തെ പാനപാത്രം 'ഏലിയായുടെ വരവിനു' വേണ്ടിയായിരുന്നു. കാലിൽ ചെരിപ്പുധരിച്ചുകൊണ്ട് അരകെട്ടി കയ്യിൽ വടിയും പിടിച്ചുകൊണ്ട് ധൃതിയിൽ ആണ് ആദ്യകാലത്ത് പെസഹാഭക്ഷണം കഴിച്ചിരുന്നത് ഈ ചടങ്ങുകൾക്കെല്ലാം ഈജിപ്തിൽ നിന്ന് ഇസ്രായേൽക്കാർ പുറപ്പെട്ടുപോന്ന ആദ്യത്തെ കടന്നുപോകലുമായി ബന്ധമുണ്ടായിരുന്നു. വാസ്തവത്തിൽ "പെസാ" എന്ന ഹീബ്രുവാക്കിന്റെ അർത്ഥം തന്നെ കടന്നുപോകൽ എന്നാണ്.

സംഹാരദൂതൻ ഈജിപ്തിലൂടെ കടന്നുപോയപ്പോൾ ഇസ്രായേൽക്കാർക്ക് സംരക്ഷണം ലഭിച്ചത് ദൈവത്തിന്റെ നിർദ്ദേശപ്രകാരം അവർ ബലിയർപ്പിച്ച കുഞ്ഞാടിന്റെ രക്തം അവരുടെ ഭവനങ്ങളുടെ കട്ടിളപ്പടിയിന്മേൽ പുരട്ടിയിരുന്നതുകൊണ്ടാണ് (പുറ 12, 1–14). അപ്പം കഴിച്ചിരുന്നത് ഈജിപ്തിൽ നിന്ന് അവർ പുറപ്പെട്ടുപോകുന്ന രാത്രിയിൽ പിറ്റേദിവസത്തേയ്ക്ക് കുഴച്ചുവച്ചിരുന്ന മാവ് പുളിക്കുന്നതിനുമുമ്പേ എടുത്ത് അപ്പമുണ്ടാക്കി അതു കഴിച്ചിട്ട് അവർ യാത്ര തുടങ്ങിയതിന്റെ ഓർമ്മയ്ക്കായിട്ടാണ്. സാവകാശം ഭക്ഷണം പാകം ചെയ്യാൻ സമയമില്ലാതിരുന്നതുകൊണ്ട് ഇറച്ചി ചുട്ടുതിന്നിട്ടാണ് അവർ പോന്നത്. യാത്രയ്ക്കുള്ള ഒരുക്കമായിട്ടാണ് കാലിൽ ചെരുപ്പുകൾ ധരിച്ചിരുന്നതും കയ്യിൽ വടി ഏന്തിയിരുന്നതും അരകൾ കെട്ടിയിരുന്നതും. കയ്പ്പുള്ള ഇലകൾ ഭക്ഷിക്കുന്നത് 430–ാം വർഷം ഈജിപ്തിൽ അവർ താമസിച്ചിരുന്ന കാലത്ത് അവർക്ക് അനുഭവപ്പെട്ടിരുന്ന അടിമത്തത്തിന്റെ കയ്പിനെ സൂചിപ്പിക്കാനാണ്. നാലു തവണയായി അവർ കുടിച്ചിരുന്ന പാനപാത്രത്തിന്മേൽ ദൈവം തങ്ങൾക്കു ചെയ്ത അനുഗ്രഹങ്ങളെ അനുസ്മരിച്ചുകൊണ്ടുള്ള പ്രാർത്ഥനകളും, ഏലിയാ പ്രവാചകൻ വന്ന് മിശിഹായ്ക്ക് മുന്നോടിയായി വഴി ഒരുക്കുന്നതും പ്രാർത്ഥനാരൂപത്തിൽ അവർ അനുസ്മരിച്ചിരുന്നു (മലാ 4,6)

**പെസഹാ ഭക്ഷണവും വി. കുർബാനയും**

നമ്മുടെ കർത്താവ് വി. കുർബാനസ്ഥാപിച്ചത് പെസഹാ ഭക്ഷണത്തോട് അനുബന്ധിച്ചായിരുന്നുവെന്ന് സുവിശേഷങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. തന്മൂലം പരിശുദ്ധ കുർബാനയെക്കുറിച്ചുള്ള ആഴമായ അർത്ഥ തലങ്ങൾ പെസഹാത്തിരുന്നാളുമായി ബന്ധപ്പെടുത്തി മനസ്സിലാക്കണം.

"അന്ധകാരത്തിലും രാത്രിയും ദൈവം എന്റെ കൂടെ ഉണ്ടായിരിക്കും. കാരണം, ദൈവത്തിന്റെ സ്നേഹം എപ്പോഴും എന്നെ സംരക്ഷിക്കുന്നു"



പെസഹായ്ക്ക് ബലിയർപ്പിക്കപ്പെട്ട കുഞ്ഞാടിന്റെ രക്തമാണ് ഇസ്രായേൽ ജനത്തെ രക്ഷിച്ചത്. പെസഹാകുഞ്ഞാടിന്റെ രക്തം നമ്മുടെ കർത്താവിന്റെ രക്തത്തിന്റെ പ്രതീകമാണ്. കർത്താവിന്റെ തിരുരക്തത്താൽ രക്ഷിക്കപ്പെട്ടവരാണ് നമ്മൾ. പുതിയ ഉടമ്പടിയുടെ രക്തമായിട്ടാണ് കർത്താവ് അവസാന അത്താഴത്തിലെ കാസായിലെ വീഞ്ഞിനെ വിശേഷിപ്പിച്ചത്. കർത്താവിന്റെ വാക്കുകൾ പാനപാത്രത്തിലെ വീഞ്ഞിനെ അവിടുത്തെ രക്തമാക്കി മാറ്റി. അപ്പം സ്വന്തം ശരീരമാക്കി മാറ്റിയാണ് അത് ഭക്ഷിക്കാൻ അവിടുന്നു നമ്മോടു കൽപിക്കുകയും ചെയ്തു. പരിശുദ്ധ കുർബാനയെന്നത് പുതിയ ഉടമ്പടിയിലെ ദൈവജനത്തിന്റെ ഭക്ഷണമാണ്. ഈ അർത്ഥത്തിലാണ് വി. കുർബാന ഒരു വിരുന്നാണ് എന്ന് നമ്മൾ പറയുന്നുത്. സീനായ് ഉടമ്പടിയാണ് ദൈവം ഇസ്രായേലുമായി നടത്തിയ ആദ്യത്തെ ഉടമ്പടി. അത് സ്ഥാപിച്ചത് മൃഗങ്ങളുടെ രക്തം കൊണ്ടാണ് (പുറ 24, 1–11) പുതിയ ഉടമ്പടി സ്ഥാപിക്കപ്പെട്ടത് ഈശോയുടെ രക്തത്തിലാണ്. ആദ്യത്തെ ഉടമ്പടിവഴിയായി പഴയ നിയമത്തിലെ ദൈവ ജനം രൂപം പ്രാപിച്ചു " ഞാൻ നിങ്ങളുടെ ദൈവവും നിങ്ങൾ എന്റെ ജനവുമാണ്" ഇതായിരുന്നു ആദ്യത്തെ ഉടമ്പടിയുടെ വാക്യം. പുതിയനിയമത്തിലെ ദൈവജനത്തിന്റെ രൂപീകരണം കർത്താവിന്റെ രക്തത്തിലൂടെയാണ്.

പുളിയില്ലാത്ത അപ്പം എന്നത് പുതിയ ആരംഭത്തെക്കുറിക്കുന്നു. പഴയത് വിട്ടുപേക്ഷിച്ച് യേശുവിൽ പൂർത്തീകരിക്കപ്പെട്ട പുതിയ രക്ഷയിൽ പങ്കെടുക്കുന്നതിന്റെ സൂചനയാണത്. അതിനാൽ വി. കുർബാനയിൽ യേശുവിന്റെ ശരീരം അപ്പത്തിന്റെ രൂപത്തിൽ സ്വീകരിക്കുന്നത് സൂചിപ്പിക്കുന്നതും രക്ഷയുടെ അനുഭവത്തിൽ പങ്കുച്ചേരുന്നതിനെയാണ്. വി. കുർബാനയെക്കുറിച്ച് യോഹന്നാന്റെ സുവിശേഷത്തിൽ ആറാം അദ്ധ്യായത്തിൽ (യോഹ 6, 25–59) പറഞ്ഞിരിക്കുന്ന കാര്യങ്ങളെല്ലാം ഇവിടെ വാസ്തവമായിത്തീരുന്നു.

പെസഹാത്തിരുന്നാൾ ഈജിപ്തിലെ അടിമത്തത്തിൽ നിന്നുള്ള മോചനത്തിന്റെ ആഘോഷമായിരുന്നു. പുതിയനിയമത്തിലെ പെസഹായാണ് വി. കുർബാനയർപ്പണം. നിങ്ങൾ എന്റെ നാമത്തിൽ ഒരുമിച്ചു വരുമ്പോൾ ഇത് എന്റെ ഓർമ്മയ്ക്കായ് ചെയ്യുവിൻ (ലൂക്കാ 22, 19) എന്ന കൽപന വഴിയായി അവസാന അത്താഴ നേരത്ത് നമ്മുടെ കർത്താവ് ചെയ്തത് ലോകാവസാനംവരെ ആവർത്തിക്കാൻ കർത്താവ് ആവശ്യപ്പെട്ടിട്ടുണ്ടല്ലോ. യേശുക്രിസ്തു നമുക്ക് നേടിത്തന്ന മോചനമാണ് വി. കുർബാനയിൽ നമ്മൾ ആഘോഷിക്കുന്നത്.

പെസഹാത്തിരുനാളിൽ പങ്കെടുത്തിരുന്നത് വിശ്വാസത്തിൽ കൂട്ടായ്മ ഉള്ളവർ മാത്രമായിരുന്നു. അതുപോലെയാണ് യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് മാത്രമാണ് വി. കുർബാന സ്വീകരിക്കാൻ പാടുള്ളൂ എന്നു പറയുന്നത്. യഹൂദപാരമ്പര്യത്തിൽ ഒരുമിച്ച് ഭക്ഷിക്കുന്നവർ (ഒരേ പാത്രത്തിൽ നിന്ന് ഭക്ഷിക്കുകയും ഒരേ പാത്രത്തിൽ നിന്ന് കുടിക്കുകയും ചെയ്യുന്നവർ) ഒരേ കുടുംബത്തിൽപ്പെട്ടവരെയാണ് കണക്കാക്കപ്പെട്ടിരുന്നത്. അതുകൊണ്ടാണ് വി. കുർബാനയർപ്പണം ക്രൈസ്തവരുടെ ഇടയിലുള്ള ഐക്യവും കൂട്ടായ്മയും ഉറപ്പിക്കേണ്ടതാണെന്ന് വി. പൗലോസ് പഠിപ്പിക്കുന്നത്.

ചുരുക്കത്തിൽ ഈശോ വി. കുർബാന സ്ഥാപിച്ചത് അവസാനത്തെ അത്താഴത്തിൽ വച്ചാണ്. തിരുന്നാൾ വേളയായിരുന്നു. പെസഹാ ആചരണത്തിൽ ഇസ്രായേൽക്കാർ ആചരിച്ചിരുന്നതെല്ലാം പുതിയ ഉടമ്പടിയുടെ വെളിച്ചത്തിൽ പരിശുദ്ധ കുർബാനയിലും യാഥാർത്ഥ്യമായിതീരുന്നതുകൊണ്ടാണ് വി. കുർബാന ബലിയും വിരുന്നുമായിരിക്കുന്നത്.





# ഉത്ഥാനത്തിന്റെ പ്രഭയിൽ

(അറിയപ്പെടുന്ന ഗ്രന്ഥകർത്താവും എഴുത്തുകാരനും അദ്ധ്യാപകനും നിരവധി ക്രിസ്തീയ ഭക്തിഗാന രചയിതാവും ദിവ്യകാരുണ്യ വചന പ്രഘോഷകനുമാണ് ലേഖകൻ)



ഫാ. തോമസ് ഇടയാൽ MCBS

"നൂറുനൂറൾത്താരകൾ അതിൽ ശയിക്കുന്നു
ഹാ! തിരുമുറിവാർന്ന മനുഷ്യപുത്രൻ വീണ്ടും
മരിച്ച മാലാഖപോൽ ഉറങ്ങും ശിശുവായി
മലർന്ന കുരിശുപോൽ ശയിക്കും പിതാവായി
മകനായ്, കൂടെപ്പിറപ്പായൊളിപ്പോരാളിയായ്,
മനുഷ്യ പുത്രൻ വീണ്ടുമിതാ മരിക്കുന്നു!
ഉയിർത്തെഴുന്നേൽപ്പിന്റെ ഉജ്ജ്വലമുഹൂർത്തത്തെ
വിളിച്ചുണർത്താൻ കാറ്റായ്, കടലായ്
കാർമേഘമായ്"

(അഗ്നിശലഭങ്ങൾ
ശ്രീ. ഒ.എൻ.വി കുറുപ്പ്)

കവിയും കവിതയുമൊക്കെ ഒരു പക്ഷെ ഇന്നത്തെ വേഗതകൂടിയ ജീവിത പ്രയാണത്തിൽ സ്ഥാനചലനവിധേയമാകുന്നു എന്ന് പലരും സംശയിക്കുന്നു. അടിച്ചമർത്തപ്പെട്ട വ്യവസ്ഥിതികളോ ദർശനങ്ങളോ ജാതിമതങ്ങളോ എന്നെങ്കിലും ആ ദുർഗതിയിൽ നിന്ന് മോചിതമാകാതിരുന്നാലും ഉയിർത്തെഴുന്നേൽപ്പ് ആസന്നമാണ് എന്ന പ്രതീക്ഷ ലോകത്തിന് നല്കിയത് മനുഷ്യപുത്രനായ ക്രിസ്തുവിന്റെ ഉത്ഥാനമാണ്. സാക്ഷ്യങ്ങൾ ക്രിസ്തുവിന്റെ



ഉത്ഥാനം കെട്ടുകഥയല്ല; പണം കൊടുത്തും രാഷ്ട്രീയശക്തി ഉപയോഗിച്ചതും നിഷേധിക്കാവുന്നതുമല്ല (മത്താ 28/12-13) മറിച്ച് ചരിത്ര സത്യമാണ്. ക്രിസ്തു ഉയിർത്തെഴുന്നേറ്റു എന്നത് ജീവിച്ചിരുന്നവരുടെ നാവിൽനിന്ന് പുറപ്പെട്ടതും എഴുതപ്പെട്ടതുമായ സത്യമാണ്. ക്രിസ്തുശിഷ്യനായ പത്രോസിന്റെ വാക്കുകൾ ഈ സത്യം ഉദ്ഘോഷിച്ചു. അവൻ പാതാളത്തിൽ ഉപേക്ഷിക്കപ്പെട്ടില്ല, അവന്റെ ശരീരം ജീർണ്ണിക്കാൻ ഇടയായതുമില്ല (സങ്കീ 16/10) യേശുവിനെ ദൈവം ഉയിർപ്പിച്ചു. ഞങ്ങളെല്ലാവരും അതിന് സാക്ഷികളാണ്. (അപ്പ.പ്രവർത്തനം 2/31-33, 3/15) ഉത്ഥിതനായ യേശുവിന്റെ ശത്രുവായിരുന്ന സാവൂൾ പൗലോസ് എന്ന മഹാ അപ്പസ്തോലനായത് ഉത്ഥിതനായ യേശു നേരിട്ടു വിളിച്ചതുമൂലമാണ് (അപ്പ: 9/11-1 ഗലാ 1/12-15). അദ്ദേഹത്തിന്റെ ഏറ്റുപറയൽ ആർക്ക് നിഷേധിക്കാനാവും? ക്രിസ്തു നമ്മുടെ പാപങ്ങൾക്കു

വേണ്ടി മരിക്കുകയും സംസ്കരിക്കപ്പെടുകയും എഴുതപ്പെട്ടിരുന്നതുപോലെ മൂന്നാംനാൾ ഉയിർപ്പിക്കപ്പെടുകയും ചെയ്തു...ഏറ്റം ഒടുവിൽ അകാലജാതന് എന്നപോലെ എനിക്കും പ്രത്യക്ഷനായി. (1 കോറി 15/14-15) അപ്പസ്തോലന്മാരുടെ പ്രബോധനത്തിന്റെ കേന്ദ്രം ക്രിസ്തു ഉയിർത്തു എന്ന സത്യമായിരുന്നു. നമ്മുടെ വിശ്വാസത്തിന്റെ ആണിക്കല്ല് ക്രിസ്തു ഉത്ഥിതനായി എന്നും ഇന്നും ജീവിക്കുന്നവനാകുന്നു എന്നുള്ളതുമാണ്. മരിച്ചു മണ്ണടിഞ്ഞുപോയ ഒരു വ്യക്തിയിലല്ല, മരണത്തെ അതിജീവിച്ചവനും ജീവിക്കുന്നവനുമായ ക്രിസ്തുവിലത്രേ നമ്മൾ വിശ്വസിക്കുന്നത്. എന്നും വിശുദ്ധ കുർബാനയിൽ നമ്മൾ അത് ഏറ്റുപറയുകയും ചെയ്യുന്നു.

**ഉയിർപ്പിന്റെ തലങ്ങൾ**

ദൈവത്തെക്കുറിച്ചുള്ള ചിന്തകളെയും അനുഭവങ്ങളെയും രഹസ്യം (Mystery) എന്ന പദത്തിലാണ് ദൈവശാസ്ത്രം ഒരുക്കുക. കാരണം ദൈവവും ദൈവിക മേഖലയും ബുദ്ധിയുടെ വിഷയമല്ല, ഹൃദയത്തിന്റെ വിഷയമാണ്. ബുദ്ധിക്ക് പൂർണ്ണമായും അഗ്രാഹ്യമായതിനെ ഹൃദയം കൊണ്ട് അനുഭവിക്കാനാവില്ല. 'ദൈവം സ്നേഹമാകുന്നു' എന്ന സത്യത്തെ ബുദ്ധി കൊണ്ട് എന്നതിനേക്കാൾ ഹൃദയം കൊണ്ടാണ് നാം ഗ്രഹിക്കുക. കാരണം സ്നേഹം ഹൃദയത്തിന്റെ വിഷയമാകുന്നു. അത് ബുദ്ധിക്കഗ്രാഹ്യമായ രഹസ്യമാകുന്നു. ക്രിസ്തുവിന്റെ ഉത്ഥാനത്തേയും ബുദ്ധിയ്ക്ക് ഗ്രാഹ്യമായ രഹസ്യമായതു കൊണ്ടാണ് വിശ്വാസത്തിന്റെ രഹസ്യമായി സഭ അതിനെ പ്രഘോഷിക്കുന്നത്. വിശ്വാസപ്രമാണത്തിന്റെ കാതൽ സഹനമരണോത്ഥാനങ്ങളിലൂടെ കർത്താവും ദൈവവുമായ യേശുവിനെ ഏറ്റുപറയുന്നതാണ്. നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കുകയും സംസ്കരിക്കപ്പെടുകയും എഴുതപ്പെട്ടിരിക്കുന്നതുപോലെ മൂന്നാം ദിവസം ഉയിർപ്പിക്കപ്പെടുകയും ചെയ്ത യേശുവിലാണ് നമ്മുടെ വിശ്വാസം (1 കോറി 15/4). ഉത്ഥിതനെ കണ്ടവനും തൊട്ടവനും അനുഗ്രഹം വാങ്ങിയവനുമായ വിശുദ്ധ തോമ്മാശ്ലീഹ നമുക്ക് കൈമാറ്റം ചെയ്തതും ഈ വിശ്വാസമാണ്.

നമ്മിലും സംഭവിക്കേണ്ട ഉത്ഥാനത്തിന്റെ തലമുണ്ട്. മരണം ഒരു ശാരീരിക യാഥാർത്ഥ്യം മാത്രമല്ല, അതിന് മറ്റുതലങ്ങളുണ്ട് എന്നതുകൊണ്ടാണ് മരണം മനുഷ്യാസ്തിത്വത്തെ മുഴുവനും ബാധിക്കുന്നതും ഉത്തരം കണ്ടെത്തേണ്ട രഹസ്യമായി നിലകൊള്ളുന്നതും. മരണത്തിലൂടെ ഒരു വ്യക്തി ശാരീരികമായി നിർജ്ജീവാവസ്ഥയിലാകുന്നു. ശാരീരികമായോ മറ്റു വിധത്തിലോ ഒന്നിനോടും പ്രതികരിക്കാനാവാത്ത അവസ്ഥ. ഇതൊരു അസ്തിത്വപരമായ അവസ്ഥയാണ്. നായിനിലെ വിധവയുടെ മകനെ കർത്താവ് ഉയിർപ്പിച്ചു. (ലൂക്ക 7/11-16) അവൻ മരിച്ചവനായിരുന്നു. നിർജ്ജീവവും നിശ്ചലവുമായ അവസ്ഥയിലായിരുന്നു. ഈ അവസ്ഥയിൽ നിന്ന് ഉയിർപ്പിലൂടെ ജീവാവസ്ഥയിലേക്കു വന്നപ്പോൾ ശരീരത്തിൽ നിക്ഷിപ്തമായിരുന്ന എല്ലാ തലങ്ങളും സജ്ജീവമായി. ക്രിസ്തുമരിച്ച അവസ്ഥയിൽ നിന്ന് ജീവാവസ്ഥയിലേയ്ക്ക് വന്നു. ഈ സംഭവത്തെ അടിസ്ഥാനമാക്കിയാണ് പാപത്തിൽ നിന്ന് വിടുതൽ നേടുന്ന സ്വാതന്ത്രാവസ്ഥയെക്കുറിച്ച് വിശുദ്ധ പത്രോസ് പഠിപ്പിക്കുന്നത്. പാപത്തിലായിരിക്കുന്ന അവസ്ഥ മരിച്ച അവസ്ഥയ്ക്കു തുല്യമാണ്. പാപത്തിൽ നിന്ന് വിടുതൽ നേടുന്ന അവസ്ഥ ഉത്ഥിതമായ അവസ്ഥക്കു തുല്യമാണ്. അതുകൊണ്ട് നമ്മിൽ ദൈവിക ജീവനില്ലാത്ത, മരണതുല്യമായ അവസ്ഥയിൽ നിന്ന് മോചനം നേടി ദൈവിക





ആത്മീയ തകർച്ചകളിൽ നിന്നുണ്ടാകുന്ന പുന രുദ്ധാരണമാണ് ഉയിർപ്പിന്റെ മറ്റൊരു മേഖല. എസക്കിയേൽ പ്രവാചകനെ കർത്താവ് അസ്ഥികൾ നിറഞ്ഞ താഴ്‌വരയിലേക്ക് നയിച്ചു. കർത്താവ് കൽപ്പിച്ചതുപോലെ പ്രവാചകൻ അസ്ഥികൂടങ്ങളോടു വചനം പ്രഘോഷിച്ചു. ദൈവത്തിന്റെ വാഗ്ദാനം നിറവേറ്റപ്പെട്ടു. ഞരമ്പും മാംസവും അസ്ഥികളുടെ മേൽവന്നു. ചർമ്മം അവയെ പൊതിഞ്ഞു. നാലുവായുക്ക ളിൽനിന്നു ജീവശ്വാസം അവയുടെമേൽ വീശി. വലിയ സൈന്യം പോലെ അവർ എഴുന്നേറ്റു നിന്നു. (എസക്കിയേൽ 37/1-10). ക്രിസ്തുവിന്റെ ഉത്ഥാനത്തിന്റെ ശക്തിക്ക് നമ്മൾ സ്വയം സമർപ്പിക്കണം (റോമ 6/12-13). അപ്പോൾ നമ്മി ലുണ്ടാകുന്ന ആത്മീയ പുതുശക്തി നമ്മെ പുതു ജീവനിലേയ്ക്ക് നയിക്കും (റോമ 8/6) അപ്പോൾ നമ്മൾ ആത്മീയ മനുഷ്യരാകും. ഉത്ഥാന ജീവി തത്തിന്റെ സാക്ഷികളുമാകും. ●

ജീവന്റെ നിറമുള്ളവരായി ജീവിക്കുമ്പോൾ നമ്മൾ യേശുവിന്റെ ഉത്ഥാനത്തിൽ പങ്കു ചേരു ന്നവരാകുന്നു. ഇതാണ് ഉത്ഥാന ജീവിതം.

നമ്മിലെ പാപവാസനകളേയും പാപശക്തി കളെയും ക്രൂശിക്കണം. ക്രൂശിക്കലിലൂടെയാണ് യേശു മരണത്തിന് വിധേയനായത്. ക്രിസ്തീ യജീവിതത്തിൽ ഒരുവൻ തന്നിലെ തിന്മയുടെ ശക്തികൾക്കെതിരേ പടപൊരുതി അതിനെ ന ശിപ്പിക്കണം. നമ്മൾ പ്രവർത്തിക്കുന്ന ദുർശക്തി കൾക്കെതിരെ പടവെട്ടാൻ ദൈവിക ആയുധ ങ്ങൾ ധരിക്കണം. "നീതിയും വിശുദ്ധിയും കൊണ്ട് അരമുറുക്കണം" (ഏശയ്യ 11/5). " അതി നാൽ സത്യം കൊണ്ട് അരമുറുക്കി ആത്മാവിന്റെ വാൾ എടുക്കുകയും ചെയ്യണം" (എഫേ 6/14). നമ്മിലെ തിന്മയെ മരിപ്പിക്കുമ്പോൾ നമ്മിലെ നന്മ ഉയിർക്കും. നമ്മിൽ മരണം ഉയിർപ്പാകുന്നത് ഈ വിധമാണ്.

പാപകരമായ ദുരാശകളുടെ പ്രവർ ത്തനം മൂലം (റോമ 7/5) മനുഷ്യനിലുണ്ടാകുന്ന

## ജന്മസിദ്ധി

മോഷണകലയുടെ രഹസ്യങ്ങൾ പഠിപ്പിച്ചുത രാൻ കള്ളനായ അച്ഛനോട് മകൻ ആവശ്യപ്പെ ട്ടു. അന്നു രാത്രി അയാൾ മകനെയും കൂട്ടി കള വിനു പോയി. ഒരു മുതലാളിയുടെ വീട്ടിൽ കയറി മോഷ്ടിക്കുന്നതിനിടയിൽ അച്ഛൻ മകനെ ഒരു തുണിഅലമാരയിലേയ്ക്ക് തള്ളിക്കയറ്റി വാതി ലടച്ച് ഓടിപ്പോയി. അലമാരയിൽ അടയ്ക്കപ്പെട്ട അവൻ കൈകാലിട്ടടിച്ച് ബഹളമുണ്ടാക്കിയ തിനെ തുടർന്ന് വീട്ടുകാർ ഉണർന്നു. എങ്കിലും വീട്ടുകാർ തന്നെ പിടികൂടും മുൻപ് അവൻ ഒരു പ്രകാരത്തിൽ അലമാരയിൽ നിന്നും രക്ഷപ്പെട്ട് പുറത്തിറങ്ങി ഓടി വീട്ടിലെത്തി.

കൊല്ലാനുള്ള ദേഷ്യത്തോടെ അവൻ അച്ഛ നോട് കയർത്തു: "നിങ്ങളെന്തിനാണ് എന്നെ അലമാരയിലിട്ട് പൂട്ടിയത്? എന്റെ സർവ്വശ ക്തിയും ഉപയോഗിച്ച് ശ്രമിച്ചില്ലായിരുന്നെങ്കിൽ അവർ എന്നെ പിടിക്കുമായിരുന്നു"

അച്ഛൻ പുഞ്ചിരിയോടെ പറഞ്ഞു : "മോഷ ണകലയുടെ ആദ്യപാഠം നീ പഠിച്ചിരിക്കുന്നു"



"ദൈവത്തിനു ഒരാത്മാവിനെ ഉപയോഗപ്പെടുത്തണമെന്നുണ്ടെങ്കിൽ അവിടുന്ന് അതിനെ ആദ്യം മനു ഷ്യന്റെ കണ്ണിൽ ഉപയോഗമില്ലാതാക്കിമാറ്റുന്നു"



# മനാസ്സെ - നീ മറക്കണം



ബ്ര. സജിൻ ജോസഫ് വെർണ്ണൂർ ISch

ഏതെങ്കിലുമൊക്കെ തരത്തിൽ കുറെയേറെ സഹനങ്ങളും ദുരിതങ്ങളും സ്വജീവിതത്തിൽ അനുഭവിക്കാത്തവരായി നമ്മിൽ ആരും തന്നെ ഉണ്ടാവുകയില്ല. സ്വാഭാവികമായും നമ്മുടെ അടുത്ത ചോദ്യം എന്തുകൊണ്ട് ദൈവം എനിക്ക് ഈ ദുരിതം നല്കി എന്നായിരിക്കും. പരിഭവം നിറഞ്ഞ ഈ ചോദ്യത്തിന് ഉത്തരമന്വേഷിച്ച് അവസാനം നാം എത്തുക എന്തിനോ വേണ്ടിയായിരുന്നു ദൈവം ഈ ക്ലേശകരമായ വഴിയിലൂടെ എന്നെ നടത്തിയത് എന്ന തിരിച്ചറിവിലേയ്ക്കായിരിക്കും. പഴയനിയമത്തിലെ ജോസഫ്, താൻ അനുഭവിച്ച കഷ്ടപാടുകളും നഷ്ടദുഃഖങ്ങളും മറന്ന് ദൈവം നല്കിയ അനുഗ്രഹങ്ങളെ ഓർത്തുകൊണ്ട് അവൻ തന്റെ കടിഞ്ഞൂൽ പുത്രനെ മനാസ്സെ എന്നു വിളിച്ചു.



ദൈവം നില്കിയ സ്വപ്നവ്യാഖ്യാനകൃപയും പിതാവായ യാക്കോബിൽ നിന്നും ലഭിച്ച അധികസ്നേഹവും പഴയനിയമത്തിലെ ജോസഫിനോട് സഹോദരങ്ങൾക്ക് അസൂയയും അമർഷവും തോന്നാൻ ഇടയാക്കി. സ്വപ്നത്തിലൂടെ ജോസഫിന് ലഭിച്ച വെളിപാടുകളും അവയുടെ വ്യാഖ്യാനവുമെല്ലാം സഹോദരന്മാരെ അസ്വസ്ഥരാക്കി. ഒരുനാൾ അവർ അവനെ പൊട്ടകിണറ്റിൽ തള്ളിയിടുകയും ഈജിപ്തിലേയ്ക്ക് അടിമയായി വില്ക്കുകയും ചെയ്തു. ഈജിപ്തിലെ പൊത്തിഫറിന്റെ വീട്ടുകാര്യസ്ഥനായി ജോലി ചെയ്യുന്നതിനിടയിൽ ഏൽക്കേണ്ടിവന്ന കുറ്റാരോപണവും തെളിയിക്കാൻ പറ്റാതെപോയ നിരപരാധിത്വവും പിന്നീട് അനുഭവിക്കേണ്ടിവന്ന കാരാഗൃഹവാസവുമെല്ലാം ജോസഫിന്റെ സ്വപ്നങ്ങൾക്കും പ്രതീക്ഷകൾക്കും വിപരീതമായ അനുഭവങ്ങളായിരുന്നു.

എന്നാൽ, സംഭവബഹുലമായ നാളുകൾക്ക് ശേഷം, ഇന്ന് ജോസഫ് ഈജിപ്തിന്റെ ഗവർണ്ണറാണ്. രാജാവിന്റെ മുദ്രമോതിരം ജോസഫിന്റെ വിരലിൽ ഉണ്ട്. "നിന്റെ സമ്മതം കൂടാതെ ഈജിപ്തിലെങ്ങും ആരും കയ്യോ കാലോ ഉയർത്തുകയില്ല" എന്നാണ് ഈജിപ്തിന്റെ അധികാരിയായി ജോസഫിനെ വാഴിച്ചുകൊണ്ട് രാജാവ് പ്രഖ്യാപിച്ചത്. ജോസിഫിന്റെ സ്വപ്നവ്യാഖ്യാനം സത്യമായി. സമൃദ്ധിയുടെ





വർഷങ്ങൾക്കൊടുവിൽ വറുതിവന്നു. ഇസ്രായേലിലെങ്ങും വരൾച്ചയും ഭക്ഷണക്ഷാമവും രൂക്ഷമായപ്പോൾ ജോസഫിന്റെ സഹോദരന്മാർ ഈജിപ്തിലേയ്ക്ക് പോകുവാൻ നിർബന്ധിതരായി.

ധാന്യത്തിനായി ഈജിപ്തിലെത്തിയ സഹോദരന്മാരെ തിരിച്ചറിഞ്ഞ ജോസഫ് അവരോട് അപരിചിതരോട് എന്നപോലെ പെരുമാറുകയും പരുഷമായി സംസാരിക്കുകയും ചെയ്തു; ചാരന്മാരെന്ന് മുദ്രക്കുത്തി.കഴിഞ്ഞകാലങ്ങളിൽ താൻ അനുഭവിച്ച വേദനയുടെ ഒരുപങ്ക് അവർക്ക് കൊടുക്കുകയായിരുന്നില്ലേ ജോസഫ്? സഹോദരങ്ങൾ തമ്മിൽ മാതൃ ഭാഷയിൽ സംസാരിക്കുകപോലും ചെയ്തില്ല. അറിയപ്പെടാത്ത ദേശത്ത് ഒറ്റപ്പെട്ടുപോയവന്റെ വേദന പറഞ്ഞുകൊടുക്കുവാനായിരുന്നില്ലേ അത്? പണ്ട് പൊട്ടകിണറ്റിൽ തള്ളിയിട്ട അവരെ ജോസഫ് മൂന്നു ദിവസം തടവിൽ പാർപ്പിച്ചു. തന്റെ സ്വന്തം സഹോദരനായ ബഞ്ചമിനെ ഹാജരാക്കുന്നതിലൂടെ മാത്രമേ അവർക്ക് തങ്ങളുടെ സത്യസന്ധത ജോസഫിന്റെ മുമ്പിൽ തെളിയിക്കുവാൻ സാധിക്കുകയുള്ളൂ എന്നത് തങ്ങളുടെ ഭൂതകാലാതിക്രമങ്ങളെ ഓർത്ത് ഖേദിക്കുവാൻ ഇടവരുത്തുന്നു. “അവൻ അന്ന് കേണപേക്ഷിച്ചിട്ടും അവന്റെ പ്രാണസങ്കടം കണ്ടിട്ടും നമ്മൾ അവനു ചെവികൊടുത്തില്ല. അതുകൊണ്ടാണ് ഈ ദുരിതം നമുക്കിപ്പോൾ വന്നിരിക്കുന്നത്” എന്ന തിരിച്ചറിവ് അവർക്കുണ്ടാകുന്നു.

തന്റെ സ്വന്തം സഹോദരനായ ബഞ്ചമിനെ കണ്ട ജോസഫ്, അവർക്കായി സദ്യയൊരുക്കുകയും കുശലം ചോദിക്കുകയും ചെയ്യുന്നു. എങ്കിലും വെള്ളിക്കപ്പ് ധാന്യചാക്കിൽ ഒളിപ്പിച്ചു വച്ചുകൊണ്ട് ജോസഫ് അവരുടെ ‘സത്യസന്ധതയെ’ വീണ്ടും ചോദ്യം ചെയ്യുന്നു: “നിങ്ങൾ നന്മയ്ക്കുപകരം തിന്മ ചെയ്തത് എന്തുകൊണ്ട്? ” നിഷ്കളങ്കനായ എന്നെ എന്തിന് നിങ്ങൾ നശിപ്പിക്കുവാൻ ശ്രമിച്ചു എന്നത് തന്നെയാണ് അവരോടുള്ള ചോദ്യം.

ഒരിക്കൽ തങ്ങളുടെ പിതാവായ യാക്കോബ്, ജോസഫിനോട് കാണിച്ച കൂടുതൽ സ്നേഹത്തെപ്രതി അസൂയാലുവായിരുന്നു യൂദാ, പക്ഷേ ഇന്ന് ഏറെ മാറിയിരിക്കുന്ന. വാർദ്ധക്യത്തിലുണ്ടായ മകനോട് വൃദ്ധനായ ഒരു പിതാവ് കാണിക്കുന്ന അതിരറ്റ സ്നേഹത്തിന്റെ കാരണങ്ങൾ മനസ്സിലാക്കുവാനുള്ള മാനസികവും വൈകാരികവുമായ പക്വത വന്ന മനുഷ്യനാണ് ഇപ്പോഴത്തെ യൂദാ ‘‘അവന്റെ ജീവൻ ബാലന്റെ ജീവനുമായി ബന്ധപ്പെട്ടിരിക്കുകയാണ്” എന്നു പറഞ്ഞുകൊണ്ടാണ് തന്റെ വത്സലപിതാവിന്റെ സ്നേഹനിധിയായ ബഞ്ചമിന്റെ മോചനത്തിനായി യൂദാ ജോസഫിനോട് അപേക്ഷിക്കുന്നത്. ബഞ്ചമിനെ കൂടാതെ പിതാവിന്റെ അടുത്ത് ചെന്നാൽ പിതാവിനുണ്ടാകുന്ന തീവ്രമായ വേദനയെക്കുറിച്ച് മുൻകൂട്ടി മനസ്സിലാക്കുവാനുള്ള ഹൃദയവും ഇന്ന് യൂദായ്ക്കുണ്ട്. ആയതിനാൽ, ബാലനുപകരം തന്നെ അടിമയായി എടുത്തുകൊള്ളാൻ അയാൾ അപേക്ഷിക്കുന്നു.

യൂദായുടെ ഹൃദയപരിവർത്തനവും വികാരഭരിതമായ വാക്കുകളും വഴി ജോസഫ് ഉള്ളം നുറുങ്ങി പൊട്ടിക്കരഞ്ഞുകൊണ്ട് താൻ യഥാർത്ഥത്തിൽ അവരുടെ സഹോദരൻ ജോസഫ് ആണ് എന്ന് വെളിപ്പെടുത്തുന്നു. ഈ വെളിപ്പെടുത്തലിൽ അവർ മരണഭീതിയോടെ നിശബ്ദരായി പോയി. ഈജിപ്തിന്റെ അധികാരിയായ ജോസഫ്, തങ്ങൾ അവനോടു ചെയ്ത





അതിക്രമങ്ങൾക്ക് പകരം വീട്ടും, തങ്ങളെ നശിപ്പിക്കും എന്ന് അവർ ഭയന്നു. എന്നാൽ ജോസഫ് സഹോദരന്മാരെ തന്റെ അടുത്തേക്കു വിളിച്ച് അവരെ ചേർത്തുപിടിച്ചുകൊണ്ട് പറഞ്ഞു: "എന്നെ ഇവിടെ വിറ്റതോർത്ത് നിങ്ങൾ വിഷമിക്കുകയോ വിഷാദിക്കുകയോ വേണ്ടാ കാരണം ജീവൻ നിലനിർത്താൻ വേണ്ടി ദൈവമാണ് എന്നെ നിങ്ങൾക്കുമുൻപേ ഇങ്ങോട്ടയച്ചത്... നിങ്ങൾക്ക് ഭൂമിയിൽ സന്തതികളെ നിലനിർത്താനും വിസ്മയകരമായ രീതിയിൽ



രക്ഷനൽകാനും വേണ്ടി ദൈവം എന്നെ നിങ്ങൾക്കു മുൻപേ ഇങ്ങോട്ടയച്ചതാണ്. അതുകൊണ്ട് നിങ്ങളല്ല, ദൈവമാണ് എന്നെ ഇങ്ങോട്ടയച്ചത് (ഉല്പത്തി 45:5–8).

# റാണി മരിയ



**ഫാ. അഗസ്റ്റിൻ പുന്നശ്ശേരി എം.സി.ബി.എസ്**
(പ്രിൻസിപ്പാൾ, മലയാളം ഹയർസെക്കന്ററി സ്കൂൾ,
ചാത്തൻകോട്ടനട, കോഴിക്കോട്)

ഭാരതമണ്ണിൻ രക്തസാക്ഷിയാം
റാണി മരിയേ ...... (ഭാരതമണ്ണിൻ)
വാഴ്ത്തപ്പെട്ടവൾ നീ
ഭാരതമക്കൾക്കനുഗ്രഹം നീ
പ്രേഷിതജനതക്കഭിമാനം നീ (2)
റാണി മരിയേ വാഴ്ത്തപ്പെട്ടവളേ
മാധ്യസ്ഥ്യം നൽകിടണമെന്നും (2)
നീതിതൻ വർണ്ണ ചിറകുകളാൽ
മോഹനം ബലിതൻ നിൻനൃത്തം
ഈശോ ഈശോ മന്ത്രധ്വനികളിലായ്
ജീവിതം തിരുകൈകളിലർപ്പിച്ചു (2)
റാണി മരിയേ വാഴ്ത്തപ്പെട്ടവളെ
മാധ്യസ്ഥ്യം നൽകിടണമെന്നും (2)



സ്നേഹത്തിൻ പൊന്നിൻ ചരടുകളാൽ
നൽകി നീ ക്ഷമ തൻ സുവിശേഷം
കാറും കോളും നിറയും വേളകളിൽ
എന്നെന്നും ഒപ്പം ചേരണമെ
റാണി മരിയേ...... (2)
പുല്ലുവഴി ഗ്രാമോദ്യാനത്തിൽ
വിടർന്നൊരു കൃപതൻ നൽസൂനം
ഇരുളിൽ തെളിയും ഉദയതാരകമായ്
ഇൻഡോറിൽ റാണി വാഴുക നീ (2)
ഭാരതമണ്ണിൻ.....(2)
വാഴ്ത്തപ്പെട്ടവൾ നീ (2) റാണി മരിയേ (2)



"നിസ്വാർത്ഥതയ്ക്കും അനശ്വരതയ്ക്കും വേണ്ടി പരിശ്രമിക്കുക"





# സഫലമീ സഹനം

ബ്രദർ. ഷെൽബിൻ മാണികൃത്താൻ ISch

മഞ്ഞുമൂടിയ ദ്രുവപ്രദേശങ്ങളിൽ വസിക്കുന്ന പെൻഗ്വിൻ പക്ഷികൾക്ക് ഒരു പ്രത്യേകതയുണ്ട്. അതിശൈത്യത്തിൽ കഴിയുന്ന ഈ പക്ഷിയുടെ മുട്ടയ്ക്ക് അടയിരിക്കുന്നത് ആൺപക്ഷിയാണ്. ഭക്ഷണവും വെള്ളവുമില്ലാതെ അറുപത്തിമൂന്ന് ദിവസത്തോളം നീണ്ട ഈ അടയിരുപ്പിൽ, മുട്ട വിരിയുമ്പോഴെയ്ക്കും ഏതാണ്ട് 45% തൂക്കം ആൺപക്ഷിക്ക് കുറഞ്ഞിട്ടുണ്ടാകും. ഇണ ചേർന്നതുകൊണ്ട് മാത്രം പുതുതലമുറ ഉണ്ടാകുന്നില്ല എന്നറിയുന്ന ആൺപക്ഷി അതിശ്രദ്ധയോടെ മുട്ടവിരിയാൻ ആവശ്യമായ ചൂട് കൊടുക്കുവാനായി തീറ്റിയും വെള്ളവുമില്ലാതെ കൊടും തണുപ്പിൽ പിറക്കുവാൻ പോകുന്ന കുഞ്ഞിനു വേണ്ടി ത്യാഗം സഹിച്ച് അടയിരിക്കുന്നു.



നോമ്പുകാലം ഒരു അടയിരിക്കലിന്റെ കാലമാണല്ലോ. നാം ആഗ്രഹിക്കുന്ന ഏതെങ്കിലും ഒരു സ്വപ്നം പൂവണിഞ്ഞു കാണുന്നതിന്റെ പിന്നിലും ത്യാഗപൂർണ്ണമായ ഒരു അടയിരുപ്പ് ആവശ്യമാണ്. ഫാ. ജോസഫ് കെന്റ്ണിഹ് എന്ന വൈദികൻ, തനിക്ക് ദൈവം നല്കിയ പ്രത്യേക ദൗത്യത്തെ വർഷങ്ങളോളം ശ്രദ്ധയോടെ പരിചരിക്കുകയും അതിനുവേണ്ടി മാത്രം നിലകൊള്ളുകയും ചെയ്തതിന്റെ അനന്തര ഫലമാണ് ഷേൺസ്റ്റാട്ട് ആത്മീയ പ്രസ്ഥാനത്തിന്റെ പറവിക്ക് കാരണമായത്. തീർത്തും പ്രതികൂല സാഹചര്യങ്ങളിലായിരുന്നു ഷേൺസ്റ്റാട്ടിന്റെ ആരംഭവും വളർച്ചയും. 1914 ൽ ആരംഭിച്ച ഒന്നാം ലോകമഹായുദ്ധത്തിൽ, ഷേൺസ്റ്റാട്ടിന്റെ പ്രാരംഭഘടകമായ മരിയൻ സെഡാലിറ്റിയിലെ മുഴുവൻ അംഗങ്ങളും യുദ്ധഭൂമിയിൽ മരിച്ചു വീണു. 1934 കാലയളവിൽ ജർമ്മനിയുടെ ഭരണം പിടിച്ചുപറ്റിയ സോഷ്യലിസ്റ്റ് പാർട്ടി, മാനവരാശിയുടെതന്നെ സംഹാരകനായ നാസി ഭരണകൂട



"വരുംകാലങ്ങളിൽ സഭയുടെ ഭാഗധേയം നിർണ്ണയിക്കുന്നതിൽ ഷേൺസ്റ്റാട്ട് കപ്പേളയുടെ സ്വാധീനം വലുതായിരിക്കും"

മായി മാറി. നാസികളുടെ മൃഗീയ വാഴ്ച്ചയിൽ പല ഷേൺസ്റ്റാട്ട് വൈദികർക്കും ഞങ്ങളുടെ ജീവൻ ബലി നല്കേണ്ടിവന്നു. കാൾറൈസ്നർ എന്ന വൈദിക വിദ്യാർത്ഥി പൗരോഹിത്യം സ്വീകരിച്ചത് നാസി തടവറയിൽ കഴിയുന്ന കാല ത്താണ്. റൈനിഷ് എന്ന യുവ വൈദികനെ കഴുത്തറത്ത് കൊന്നു. ഇപ്രകാരം ഒന്നാം ലോക മഹായുദ്ധത്തിന്റെയും രണ്ടാം ലോകമഹായുദ്ധ ത്തിന്റെയും ദുരിതങ്ങൾ അനുഭവിച്ച് വളർന്നു വന്ന ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തെ Child of War എന്നാണ് വിശേഷിപ്പിക്കാറുള്ളത്. ഷേൺസ്റ്റാ ട്ടിന്റെ പ്രാരംഭ ദിശയിൽ തന്നെ അതിന്റെ സ്ഥാപക പിതാവായ കെന്റ്ണിക്കച്ചന് മാതൃ രാജ്യം വിട്ട് പ്രവാസജീവിതം നയിക്കേണ്ടിവന്നു എന്നതായിരുന്നു മറ്റൊരു ദുരവസ്ഥ. ഇത്തര ത്തിൽ, ആന്തരികവും ബാഹ്യവുമായ നിരവധി പ്രതികൂല സാഹചര്യങ്ങൾ ഉണ്ടായിട്ടുപോലും ദൈവം നല്കിയ ദൗത്യം ഫലമണിയുന്നതിനു



വേണ്ടി കെന്റ്ണിക്കച്ചൻ അക്ഷീണം പ്രയത്നി ച്ചുകൊണ്ടിരുന്നു. കെന്റ്ണിക്കച്ചന്റെ ത്യാഗപൂർണ്ണമായ ജീവിതമാണ് ഷേൺസ്റ്റാട്ട് എന്ന മനോഹരമായ ആദ്ധ്യാത്മികത ഈ ഭൂവിൽ വിരിയുവാൻ കാരണമായത്. എല്ലാ കാല ഘട്ടങ്ങളിലുമുള്ള നിരവധി ജനഹൃദയങ്ങൾക്ക് ചേക്കേറുവാനും അഭയം കണ്ടെത്തുവാനുമുള്ള ഇടമാണ് പരിശുദ്ധ അമ്മയുടെ ഹൃദയം എന്ന് കെന്റ്ണിക്കച്ചനിലൂടെ ദൈവം തെളിയിക്കു കയും ചെയ്തു. ■



## ഒരു കഴുതയെ ആവശ്യമുണ്ട്!!!

ഇവിടം വരെ ഒന്നു വരാമോ, ഓശാനയ്ക്ക് ഒരു കഴുതയെ ആവശ്യമുണ്ട്! സ്ഥലം മാറിപ്പോയ കൊച്ചനു കിട്ടിയ വല്ല്യച്ചന്റെ വക വാട്സ്ആപ്പ് മെസേജിന് കൊച്ചച്ചൻ മറുപടി അയച്ചു : ഒരു കഴുതയുടെ ആവശ്യമല്ലേയുള്ളൂ, അത് അവി ടെത്തന്നെ ഉണ്ടല്ലോ?





"നിസ്വാർത്ഥസ്നേഹത്തിലൂടെയാണ് ഷേൺസ്റ്റാട്ട് വളർന്നത്. ഭാവിയിൽ അത് അങ്ങനെതന്നെ തുടരുകയും വേണം"

ചെറുകഥ

# ബാലന്റെ സ്നേഹം



ബ്ര. അരുൺ സണ്ണി ISch

പപ്പ ഓഫീസിൽ പോകാൻ ഒരുങ്ങുകയായിരുന്നു. ആ സമയം പപ്പേടെ മകനായ ഉണ്ണിക്കുട്ടൻ പപ്പയോടു ചോദിച്ചു; "പപ്പ എനിക്കൊരു പത്തുരൂപ തരുമോ?" പപ്പ കുറച്ച് നേരം ഒന്നും കേൾക്കാതെ നിന്നു. അവൻ പിന്നെയും ചോദിച്ചു; "പപ്പ ഒരു പത്തു രൂപ താ." പപ്പ പറഞ്ഞു; "തരില്ല." വിനീതനായി നിന്ന അവൻ കുറച്ചുനേരം മിണ്ടാതിരുന്നു. പപ്പ ഓഫീസിൽ പോകുവാൻ കാറിന്റെ അടുത്തേക്കു പോയപ്പോൾ പുറകെചെന്ന് ഉണ്ണിക്കുട്ടൻ വീണ്ടും ചോദിച്ചു പപ്പ വെറും പത്തുരൂപയല്ലേ ഞാൻ ചോദിച്ചത് ഒന്ന് താ പപ്പാ. പപ്പ ഒരു നിമിഷം മിണ്ടാതെ നിന്നു ശേഷം ഉണ്ണിക്കുട്ടനോടു പറഞ്ഞു; "ഉണ്ണിക്കുട്ടാ എനിക്ക് ദാഹിക്കുന്നു ഒരു ഗ്ലാസ് വെള്ളം എടുത്തുകൊണ്ടു വരൂ." പപ്പയെ ഒത്തിരി സ്നേഹിക്കുന്ന ഉണ്ണിക്കുട്ടൻ അതു കേട്ടതും അടുക്കളയിലേക്കോടി എന്നിട്ട് ഒരു ഗ്ലാസ് വെള്ളം കൊണ്ടു തിരിച്ചെത്തി. ബാലനായ ഉണ്ണിക്കുട്ടൻ കണ്ടകാഴ്ച പപ്പ കാറുമെടുത്തു പോകുന്നതാണ്. പപ്പ ദാഹിച്ചിട്ട് തിരിച്ചു വന്നാലോ എന്നോർത്ത് അവൻ വെള്ളം അവിടെ വെച്ചു. എന്നിട്ട് നിരാശനായി ഉള്ളിലേക്കു പോയി. അവന്റെ അമ്മ ചോദിച്ചു; "മോനേ നീ എന്തിനാ പപ്പേടടുത്തു 10 രൂപ ചോദിച്ചേ?" അവൻ പറഞ്ഞു; "അമ്മാ ഇന്ന് സെപ്തംബർ 24 ആണ്, അതായത് പപ്പയുടെ ജന്മദിനം അതിനു പപ്പക്കു മിഠായിമേടിച്ചു കൊടുക്കാനാ 10 രൂപ ചോദിച്ചേ. പക്ഷെ പപ്പ പൈസ തന്നില്ല" ഒരു നിമിഷം അമ്മ അവന്റടുത്തു മുട്ടുകുത്തി നിന്നു എന്നിട്ട് അവനെ കെട്ടിപ്പിടിച്ചു ശേഷം അമ്മ അവന് 10 രൂപകൊടുത്തു. ശേഷം പറഞ്ഞു; "നീ ഓടിപോയി പപ്പക്ക് മിഠായി മേടിച്ചുകൊണ്ടുവ". നിക്കറും ബനിയനുമിട്ട് ആ ബാലൻ തന്റെ പപ്പക്കു ജന്മദിന മിഠായി മേടിക്കാൻ വേണ്ടി കടയിലേക്ക് ഓടി. അപ്പോഴേക്കും പപ്പ വീട്ടിലേക്കു തിരിച്ചെത്തി. വന്നതും ഒറ്റ ചോദ്യം; "ആരാടി ഈ ഒരു ഗ്ലാസ് വെള്ളം ഈ തറയിൽ വെച്ചിരിക്കുന്നേ ഇതങ്ങാനും പൊട്ടിപോയാൽ....?" അമ്മ പറഞ്ഞു; "രാവിലെ നിങ്ങളുടെ മകൻ വെള്ളം കൊണ്ടുവന്നപ്പോഴേക്കും നിങ്ങൾ പോയില്ലേ നിങ്ങൾ ദാഹിച്ചിട്ടു ഇനി തിരിച്ചു വരുമോ എന്നു വിചാരിച്ച് അവൻ വെച്ചതാണ്". പപ്പ പറഞ്ഞു; "എനിക്കൊരു ദാഹവുമുണ്ടായിരുന്നില്ല അവൻ പൈസ ചോദിച്ചതിൽ നിന്നും രക്ഷപ്പെടാൻ പറഞ്ഞതായിരുന്നു". അമ്മയുടെ മറുപടി "നിങ്ങൾ എന്തു മനുഷ്യനാ...? നിങ്ങൾക്കോർമ്മയുണ്ടോ നിങ്ങളുടെ ജന്മദിനം ഇന്നാണ് അതിന് നിങ്ങൾക്കു മിഠായിമേടിക്കാനായിരുന്നു 10 രൂപ ചോദിച്ചേ". ഒരു നിമിഷം പപ്പ ഒന്നുമിണ്ടിയില്ല. ശേഷം ചോദിച്ചു; "എവിടെ എന്റെ പൊന്നുമോൻ" അമ്മ പറഞ്ഞു; "ഞാൻ അവന് 10 രൂപ കൊടുത്തു അവൻ കടയിൽ പോയി നിങ്ങൾക്കുള്ള മിഠായിമേടിക്കാൻ". അപ്പോഴേക്കും പപ്പക്കൊരു ഫോൺകോൾ വന്നു. പപ്പ ഫോണെടുത്തു. വിളിച്ചയാൾ പറഞ്ഞു കുറച്ചുനേരം മുൻപ് ഇവിടെ വണ്ടിയിടിച്ച് ഒരു ബാലൻ മരിച്ചു. ബോഡി ഇപ്പോഴും റോഡിൽ കിടക്കുന്നുണ്ട് അവന്റെ കയ്യിൽ ഇപ്പോഴും ഒരു മിഠായിമുറുക്കിപിടിച്ചിരിക്കുന്നതുപോലെ വെച്ചിട്ടുണ്ട് കുട്ടി മരിച്ചിട്ടുപോലും ആ പിടിവിട്ടിട്ടില്ല.

ഓർമിക്കാൻ : യഥാർത്ഥ സ്നേഹം തിരിച്ചറിയാതെ പോകരുത്. തിരിച്ചറിയാതെ പോയാൽ ഭാവിയിൽ നമ്മൾ ദുഃഖിക്കേണ്ടിവരും. ■

"നിഷ്കളങ്കനായ ശിശുവിനെപ്പോലെ ഭാവിയെക്കുറിച്ച് ആകുലതയില്ലാതെ ജീവിക്കുക"



# കള്ളൻ കട്ട മുതൽ



പാതിരാത്രിയോട് അടുത്തുകാണും, വീട്ടിലെ ലൈറ്റണയുന്നതും നോക്കി കള്ളൻ കുറ്റിക്കാട്ടിൽ പതുങ്ങിയിരുന്നു. കള്ളന്റെ പ്രതീക്ഷകളെ തകർത്തുകൊണ്ടെന്നവണ്ണം ഒരു മുറിയിൽ അപ്പോഴും വെളിച്ചമുണ്ടായിരുന്നു. കള്ളന്റെ മനസ്സിൽ നേരിയ സംഘർഷം ഉടലെടുത്തു ആരായിരിക്കും ആ മുറിയിൽ? ഒരു പക്ഷെ.... ആ മുറിയിലെ വെളിച്ചം ഓഫാക്കാൻ അവർ മറന്നുപോയതാണെങ്കിലോ? കള്ളൻ ആ വീട് ലക്ഷ്യമാക്കി നടന്നു. പാതിമറിച്ച മുഖത്തോടെ, മരക്കൊമ്പിലൂടെ അയാൾ വീടിന്റെ മുകൾ നിലയിലെത്തി. അയാളുടെ കരവിരുതുകൾക്കു മുൻപിൽ വാതിലുകളെല്ലാം മലർക്കേ തുറന്നുകൊണ്ടിരുന്നു. കള്ളൻ സാവധാനം താഴത്തെ നിലയിലെത്തി. നേരത്തെ വെളിച്ചം കണ്ട മുറിയിൽ നിന്നും ചെറിയ ഞെരുക്കവും ഉച്ചത്തിലുള്ള ശ്വാസഗതിയും ഉയരുന്നത് അയാൾ ശ്രദ്ധിച്ചു. കള്ളന്റെ ഹൃദയമിടിപ്പ് ഉയർന്നു താഴ്ന്നുകൊണ്ടിരുന്നു.

ആ മുറി പുറത്ത് നിന്ന് പൂട്ടിയിരിക്കുന്നു. മുറിയുടെ താക്കോൽ അതിന്റെ വാതിലിൽ തന്നെ ഉണ്ടായിരുന്നു.

മുറി പതിയേ തുറന്ന് കള്ളൻ അകത്തേക്ക് നോക്കി. പ്രായമേറിയ ഒരു വല്ല്യമ്മ ആ കട്ടിലിൽ കിടപ്പുണ്ട്...

അവർ കിടന്നുകൊണ്ട് തൊട്ടടുത്ത മേശയിൽ ഇരിക്കുന്ന ഇൻഹേലർ എടുക്കാൻ ശ്രമിക്കുകയാണ്.

പക്ഷെ....

ഓരോ ശ്രമത്തിനിടയിലും അത് ദൂരേക്ക് നീങ്ങിക്കൊണ്ടിരുന്നു.

കള്ളൻ ഒരു നിമിഷം ആലോചനയിലാണ്ടു.

തന്റെ അമ്മയുടെ മുഖം കള്ളന്റെ മനസ്സിലൂടെ മിന്നി മറഞ്ഞു. മുഖംമൂടി ഒന്നുകൂടെ നേരെയിട്ടതിനുശേഷം കള്ളൻ ഇൻഹെലർ എടുത്തു വല്ല്യമ്മക്കു നേരെ നീട്ടി, അവർ അത് ആർത്തിയോടെ തട്ടിപ്പറിക്കുകയും വായിലേക്ക് സ്പ്രേ ചെയ്യുകയും ചെയ്തു അവർ കിതച്ചുകൊണ്ട് കുറേ നേരം തല കുനിച്ചിരുന്നു. മരുന്നെടുത്തു കൊടുത്തത് ആരാണെന്നുപോലും അപ്പോളവർ നോക്കിയില്ല.

കള്ളൻ കുറച്ചുനേരം അവരെ നോക്കി നെടുവീർപ്പോടെ നിന്നു. ശബ്ദമുണ്ടാക്കാതെ സാവധാനം പുറത്തേക്കു നടക്കാൻ തിരിഞ്ഞപ്പോൾ വല്ല്യമ്മ കൈകൊണ്ട് നിൽക്കാൻ ആംഗ്യം കാണിച്ചു.

കള്ളന്റെ മുഖം കണ്ട വല്ല്യമ്മ ഭയന്നില്ല, പരിഭ്രമിച്ചില്ല. മറിച്ചു ദൈവദൂതനെ കണ്ടതുപോലെ നിറമിഴിയോടെ പുഞ്ചിരി തൂകി.

കള്ളൻ അവർക്കടുത്തേക്ക് നീങ്ങി വല്ല്യമ്മയെ തലയിണയിൽ ചാരിയിരിക്കാൻ സഹായിച്ചു. ഇപ്പോൾ അവർക്കു നല്ല ആശ്വാസം തോന്നുന്നുണ്ടെന്ന് കള്ളന് മനസ്സിലായി.

ഞാൻ ആദ്യമായിട്ടാണ് ഒരു കള്ളനെ കാണുന്നത് വല്ല്യമ്മ ചിരിച്ചു കൊണ്ട് പറഞ്ഞു.

ദൈവത്തെ കണ്ടിട്ടുണ്ടോ???

കള്ളൻ തമാശരൂപേണ മറുചോദ്യം തൊടുത്തു.

കള്ളന്റെ രൂപത്തിൽ മുഖം മൂടി ധരിച്ച ഒരു ദൈവത്തേ ഞാനിന്ന് കണ്ടു.

വല്ല്യമ്മയും വിട്ടുകൊടുത്തില്ല.

എനിക്ക് കുറച്ചു ചൂടുവെള്ളം ആ

"ദൈവമേ ഞാൻ ദുർബലനും നിസ്സാരനുമായതിനാൽ എന്നെ കരുണയുടെ അത്ഭുതമാക്കിമാറ്റണമേ"



ഫ്ളാസ്കിൽ നിന്നും എടുത്തു തരുമോ?

കള്ളൻ മടിച്ചില്ല. അയാൾ ചൂടുവെള്ളം ഗ്ലാസിൽ പകർന്നു വല്യമ്മക്കു കൊടുത്തു. ചൂടു വെള്ളം ഊതികുടിക്കുന്നതിനിടെ വല്യമ്മ വർത്തമാനം പറഞ്ഞുകൊണ്ടിരുന്നു... കള്ളൻ അതെല്ലാം ശ്രദ്ധയോടെ കേട്ടുകൊണ്ടിരുന്നു.

വല്യമ്മയെ ഈ റൂമിലിട്ടു പൂട്ടി എല്ലാവരും പുറത്തുപോയി എന്നും... അവർ നാളെയോ മറ്റ ന്നാളോ മാത്രമേ തിരിച്ചെത്തുകയുള്ളൂ എന്നും കള്ളന് മനസ്സിലായി.

അമ്മ വല്ലതും കഴിച്ചോ?

കള്ളൻ പതിയെ ചോദിച്ചു. കഞ്ഞിപ്പാത്രത്തി ലേക്ക് നോക്കി അവർ ഒന്നു പുഞ്ചിരിച്ചു. നീ വല്ലതും കഴിച്ചോ മോനെ? വല്യമ്മ ചോദിച്ചു.

കള്ളന്റെ ഉള്ളൊന്നു തേങ്ങി.

എടുത്തു തരാൻ എനിക്കു വയ്യ മോനെ... എനിക്ക് വയറു നിറഞ്ഞു നീ അതെടുത്തു കഴിച്ചോ....

കള്ളന് നന്നായി വിശക്കുന്നുണ്ടായിരുന്നു. അയാൾ കഞ്ഞി വേഗത്തിൽ കുടിക്കാൻ തുട ങ്ങി. ഇടക്കിടെ അയാൾ ചുറ്റും നോക്കുന്നുണ്ട്.

അപ്പോൾ വല്യമ്മ അയാൾക്കുനേരെ ഒരു താക്കോൽ കൂട്ടമെടുത്തുനീട്ടി.. അയാൾ അത് വാങ്ങാൻ മടിച്ചു.

വല്യമ്മ പറഞ്ഞു : ഇത് ആ അലമാരയുടെ താക്കോലാ... നീ ആദ്യം അത് തുറക്ക്.

കള്ളൻ മടിയോടെ അലമാര തുറന്നു.

ചെറിയ താക്കോൽ കൊണ്ട് ചെറിയ കള്ളി തുറക്ക് വല്യമ്മ പറഞ്ഞു:

കള്ളൻ അതുപോലെ ചെയ്തു. അതും തുറന്നു. കള്ളന്റെ മുഖത്ത് ഒരു അമ്പരപ്പ് പടർന്നു.

പഴയ സ്വർണ്ണവും , ഒരുപാടു പുതിയ നോട്ടു കളും അതിൽ നിറഞ്ഞിരുന്നു.

“നിനക്കിഷ്ടമുള്ളതു എടുക്കാം, ഒന്നും പേടി ക്കേണ്ട എല്ലാം എന്റേതാണ്”

കള്ളന്റെ കരം വിറച്ചു. അയാൾക്ക് ഒന്നും എടുക്കാൻ കഴിഞ്ഞില്ല.

വിതുമ്പുന്ന മനസ്സോടെ അയാൾ കസേര യിൽ തിരികെ വന്നിരുന്നു.

നിനക്ക് ഒന്നും വേണ്ടേ? വല്യമ്മ ചോദിച്ചു.

കള്ളൻ ഒന്നും മിണ്ടിയില്ല. കുറേ നേരം നിശ ബ്ദത....

പിന്നീടെപ്പോഴോ അയാളുടെ നേർത്ത സ്വരം പുറത്തേക്ക് വന്നു.

ഞാനൊരു കള്ളനൊന്നുമല്ലമ്മേ...

നിവർത്തി ഇല്ലാത്തോണ്ട് പറ്റിപ്പോയതാ... എന്നോട് പൊറുക്കണം.

നാളെ എന്റമ്മച്ചിയുടെ ഓപ്പറേഷനാണ്, പണം മുൻകൂർ അടച്ചെങ്കിലേ ഓപ്പറേഷൻ നടക്കൂ എന്ന് ഡോക്ടമാർ തീർത്ത് പറഞ്ഞിരി ക്കുന്നു.

ഭക്ഷണം പോലും കഴിക്കാതെ, പണം സംഘടിപ്പിക്കാൻ ഒരുപാട് ഞാനലഞ്ഞു.

ഒരാൾ പോലും കണ്ട ഭാവം നടിച്ചില്ല. കൂട്ടു കാരും, കുടുംബക്കാരും കൈയ്യൊഴിഞ്ഞു.

അതാ... ഞ... ഞ... ഞാ...ൻ!

കള്ളന്റെ മുഖം മൂടിയിൽ നനവ് പടരുന്നത് വല്യമ്മ കണ്ടു.

വല്യമ്മ ഊന്നുവടിയിൽ സാവധാനം എഴു ന്നേറ്റു, അലമാരിയിൽ നിന്നും പണപ്പെട്ടിയുമായി കള്ളന്റെ അടുത്തേക്ക് വന്നു. അത് അവന്റെ മടി യിൽ വച്ചു കൊടുത്തു.

കള്ളൻ വല്യമ്മയുടെ മുഖത്തേക്ക് പകച്ച് നോക്കി. ആവശ്യമുള്ളതു എടുത്തു ബാക്കിയു ള്ളത് തിരികെ തരിക. വല്യമ്മ പറഞ്ഞു.

*തുടർച്ച 29-ാം പേജിൽ*



# ചിരിക്കാൻ ചിന്തിക്കാൻ

പള്ളിയിലെ അച്ചനെ ചൂണ്ടിക്കാട്ടി അമ്മ ടോണിക്കുട്ടനോടു പറഞ്ഞു : “ഈശോയാണത്, ഈശോമിശിഹായയ്ക്കു സ്തുതി ചൊല്ല്” അന്ന് മുതൽ ടോണിക്കുട്ടന് പള്ളിയിലെ അച്ചനെ ഒത്തിരി ഇഷ്ടമായി. അച്ചന്റെ ഭാവവും ചലനവുമെല്ലാം അവൻ സൂക്ഷ്മമായി നിരീക്ഷിക്കുവാൻ തുടങ്ങി. അച്ചൻ നടക്കുന്ന വഴികളിലൂടെയും, കാലടികൾ പതിഞ്ഞ വഴികളിലൂടെയും അവൻ നടന്നു. അച്ചന്റെ പ്രസംഗങ്ങളെല്ലാം അവൻ നന്നായി ശ്രദ്ധിച്ചു. അച്ചനോടുള്ള ഇഷ്ടം അവന് പറഞ്ഞറിയിക്കാൻ പറ്റാത്ത രീതിയിലായി. ടോണിക്കുട്ടന്റെ ഊണിലും ഉറക്കത്തിലുമെല്ലാം പള്ളിയിലെ അച്ചനാണ്... അതായത് ഈശോഅച്ചനെ കാണാതെ അവന് ഇരിക്കാൻ പറ്റാത്ത അവസ്ഥയായി. അങ്ങനെയിരിക്കുമ്പോഴാണ് പള്ളിയിൽ അച്ചന്റെ അറിയിപ്പ് അടുത്താഴ്ച അച്ചൻ ധ്യാനത്തിനു പോകുന്നുവെന്ന്. ടോണിക്കുട്ടനും വല്ലാത്ത സങ്കടമായി, അച്ചൻ ധ്യാനത്തിനു പോകാതിരിക്കാൻ എന്തെങ്കിലും ചെയ്യണം. ടോണിക്കുട്ടൻ തല പുകഞ്ഞാലോചിച്ചു. ധ്യാനത്തിന് പോകുന്നതിനു രണ്ട് ദിവസം മുമ്പ് അച്ചൻ കുർബാനയ്ക്കായി പള്ളിയിലേക്കു കയറിയപ്പോൾ ഊരിയിട്ടിരിക്കുന്ന ചെരുപ്പ് ടോണിക്കുട്ടൻ അടിച്ചുമാറ്റി. കുർബാന കഴഞ്ഞ് പുറത്തേക്കിറങ്ങിയപ്പോൾ അച്ചന് ചെരിപ്പില്ല. അച്ചൻ കുറെ സമയം പരതി നോക്കിയിട്ടും ചെരുപ്പ് കിട്ടിയില്ല. ഇടവക മുഴുവൻ ഈ വാർത്ത പരന്നു. ടോണിക്കുട്ടൻ അച്ചന്റെ ചെരുപ്പ് ഒരു പ്ലാസ്റ്റിക് കൂട്ടിലാക്കി എവറസ്റ്റു കീഴടക്കിയ പ്രതീതിയിൽ നടന്നു. ടോണി വീട്ടിൽ ചെന്ന് ചെരുപ്പെടുത്തു അവന്റെ തലയിണക്കടിയിൽ വച്ചു. ഉറങ്ങുമ്പോഴെല്ലാം അവൻ ചെരുപ്പു നെഞ്ചത്തു വച്ചാണ് കിടപ്പ്. ഈശോ ധ്യാനത്തിനു പോയാലും ഈശോയുടെ ചെരുപ്പ് എന്റെ കയ്യിലുണ്ടല്ലോ? അവൻ ആത്മഗതം ചെയ്തു. ഒരു ദിവസം ഈ കാഴ്ചക്കണ്ട അമ്മ അവനോടു ചോദിച്ചു. എന്തു വൃത്തികേടാ മോനെ ഈ കാട്ടുന്നത്? വല്ലവന്റേം ചെരുപ്പും നെഞ്ചത്ത് വച്ച് കിടക്കാൻ നിനക്ക് നാണമില്ലേ? അമ്മയുടെ ചോദ്യം കേട്ട് ടോണി പൊട്ടിത്തെറിച്ചു. ഇത് വല്ലവന്റേം ചെരുപ്പല്ല എന്റെ ഈശോയുടെ ചെരുപ്പാ. ഈശോ ധ്യാനത്തിനു പോകാതിരിക്കാൻ ഞാൻ അടിച്ചു മാറ്റിയതാ. അമ്മയ്ക്ക് കാര്യം മനസ്സിലായി പള്ളിയിലെ അച്ചന്റെ ചെരുപ്പ് അടിച്ചു മാറ്റിയത് ടോണിയാണെന്നു അമ്മയ്ക്ക് മനസ്സിലായി. അമ്മ ഉടനെ തന്നെ ടോണിയേയും കൂട്ടി പള്ളിയിലെത്തി അച്ചനെ വിവരങ്ങൾ ധരിപ്പിച്ചു. എല്ലാം കേട്ടുകഴിഞ്ഞപ്പോൾ അച്ചന് ടോണിക്കുട്ടനോടു സഹതാപവും വല്ലാത്ത ഇഷ്ടവും തോന്നി. ഈശോയെ ഒത്തിരി സ്നേഹിച്ചുകൊള്ളാൻ പറഞ്ഞ് ആ ചെരുപ്പ് അച്ചൻ അവന് തന്നെ കൊടുത്തു. പക്ഷെ അന്നു മുതൽ ടോണിക്കു പുതിയ പേരു കിട്ടി ‘ഈശോയുടെ ചെരുപ്പു കള്ളൻ’. പക്ഷെ ടോണിക്ക് ആ പേരു കേൾക്കുമ്പോൾ നാണമോ, പരാതിയോ ഒന്നുമില്ല... സന്തോഷം മാത്രം

**നമുക്കൊന്നു കാതോർക്കാം**

“സ്നേഹം സർവ്വോത്കൃഷ്ടം”

JK





പ്രവാചക ചരിത്രം

# കുരിശിന്റെ വഴിയിലൂടെ



ഡോ. ജോയ് പുതുശ്ശേരി ISch

സ്വിറ്റ്സർലാന്റിലെ പ്രെമോൺസ്ട്രേറ്റൻഷ്യൻ ആശ്രമത്തിലേക്കാണ് ഫാ. കെന്റണിഹ് നാടുവിട്ടതിനുശേഷം ആദ്യം എത്തിയത്. അവിടെ രണ്ടാം ലോക മഹായുദ്ധത്തിനു മുമ്പും അതിനുശേഷവും അദ്ദേഹം ധ്യാനങ്ങൾ സംഘടിപ്പിച്ചിരുന്നു. അവിടെ ചെലവഴിച്ച ആഴ്ചകളിലാണ് 'ഷേൺസ്റ്റാട്ടിനെ മനസ്സിലാക്കാനുള്ള വഴി' (Key to an Understanding of Scheonstatt) എന്നൊരു പുസ്തകം എഴുതിയത്. ഷേൺസ്റ്റാട്ടിന്റെ പ്രധാനപ്പെട്ട ആശയങ്ങളും അതിനെ നയിക്കുന്ന ശക്തികളും ഇതിൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു. നവംബർ 23-ാം തീയതി അദ്ദേഹം റോമിലേക്കു പോയി 1952-ന്റെ തുടക്കത്തിൽ നേപ്പൾസിലും വാലിഡി പോംപെയിലും ലഘു സന്ദർശനം നടത്തി. ഷേൺസ്റ്റാട്ടിന്റെ നിലനിൽപ്പിന്, മരിയൻ നിലനിൽപ്പിന് മരിയൻ തീർത്ഥാടന കേന്ദ്രം എങ്ങനെ പ്രചോദനം നൽകി എന്ന് അറിയാനാണ് അദ്ദേഹം പോയത്. ഫാ. ജോസഫ് ഫിഷറിന് അദ്ദേഹം എഴുതി. ഞാൻ രണ്ടു ദിവസം നേപ്പിൾസിലും പോംപെയിലുമാണ്, ബാർട്ടൊലൊ ലോംഗോവിന്റെ മരിയൻ പ്രസ്ഥാനത്തെയും അദ്ദേഹത്തിന്റെ ആശയങ്ങളെയും മനസ്സിലാക്കാൻ. ബാർട്ടൊലൊ ലോംഗോവിന്റെ പ്രസ്ഥാനവും ഷേൺസ്റ്റാട്ടും തമ്മിലുള്ള സാദൃശ്യം അദ്ദേഹത്തെ അത്ഭുതപ്പെടുത്തി. 1951 ഡിസംബർ ഒന്നാം തിയ്യതി ഫാ. കെന്റണിഹിനെ യൂറോപ്പിൽ നിന്നും നാടുകടത്തുന്ന ഡിക്രി പ്രസിദ്ധീകരിച്ചു. യു.എസ്.എ.യിലേക്കു പോകാൻ തീരുമാനിച്ചെങ്കിലും അദ്ദേഹത്തിന് പ്രവേശനം ലഭിച്ചില്ല. ആവശ്യമുള്ള രേഖകൾ കിട്ടുന്നതുവരെ തെക്കെ അമേരിക്കയിലേക്കു പോകുവാൻ അനുമതി ലഭിച്ചു. അർജന്റീനയിലെ നുയോവ ഷേൺസ്റ്റാട്ടിലെ കപ്പേളയുടെ ആശീർവ്വാദത്തിൽ സംബന്ധിക്കാൻ അദ്ദേഹത്തിന് സാധിച്ചു. ജനുവരി 20 ഞായറാഴ്ചയായിരുന്നു. ചടങ്ങ് കോൺസൻസ്ട്രേഷൻ ക്യാമ്പിലേക്കു പോയതിൻെറ പത്താം വാർഷികമയിരുന്നു ആ ദിവസം. ജനുവരി 17 വ്യാഴാഴ്ച അദ്ദേഹം അവിടെ 'എസൈസീസിയൽ' എത്തി. അവിടെ കുറേ ആളുകൾ അദ്ദേഹത്തെ കാത്തു നിന്നിരുന്നു. അദ്ദേഹത്തെ അവർ നുയോവ ഷേൺസ്റ്റാട്ടിലേക്ക് കൊണ്ടുപോയി. മൂന്നു ദിവസം കഴിഞ്ഞ് അർജന്റീനയിലെ ആദ്യത്തെ ഷേൺസ്റ്റാട്ട് കപ്പേള അദ്ദേഹം ആശീർവ്വദിച്ചു. സിസ്റ്റേഴ്സിന് അദ്ദേഹത്തിന്റെ സാന്നിദ്ധ്യം സന്തോഷവും ഒപ്പം തന്നെ സങ്കടവും ഉണ്ടാക്കി. പ്രതിസന്ധി ഉണ്ടായിട്ടും ആശീർവ്വാദത്തിന് അദ്ദേഹം വന്നതിലുള്ള സന്തോഷം. അദ്ദേഹത്തോടു സംസാരിക്കുന്നത് തടഞ്ഞുകൊണ്ടുള്ള ഡിക്രിയായിരുന്നു ദുഃഖത്തിനു കാരണം. വിശുദ്ധ ബലിയുടെ സമയത്തായിരുന്നു ആശീർവ്വാദം. ഫാ. കെന്റണിഹ് എന്നത്തേയും പോലെ ഉത്സാഹഭരിതനായിരുന്നു. പക്ഷെ സിസ്റ്റേഴ്സിന്റെ ദുഃഖം അദ്ദേഹം മനസ്സിലാക്കി.

വിശ്വാസത്തിന്റെയും ഐക്യത്തിന്റെയും വിജയത്തിന്റെയും പ്രതീകമാണ് നമ്മുടെ മിഷൻ എന്ന് തന്റെ പ്രസംഗത്തിൽ അദ്ദേഹം ഓർമ്മിപ്പിച്ചു.

"ഈ ചെറിയ കപ്പേള നമുക്ക് വിശുദ്ധിയുടെ ഉറവിടമായി മാറും"



"നമ്മൾ മരിക്കുന്നതുവഴി വിജയത്തിലേക്ക പ്രവേശിക്കുന്നു. നമ്മുടെ മാതാവിലുള്ള സമർപ്പണത്തിൽക്കൂടി നമ്മൾ വിജയത്തിലേക്ക് കടക്കുന്നു. ദൈവത്തിന്റെ മാർഗ്ഗത്തിൽകൂടി നമ്മൾ സഞ്ചരിക്കുന്നതു വഴി നമുക്ക് സഹനങ്ങൾ അനുഭവപ്പെടാം. എല്ലാം നമുക്ക് ദൈവത്തിൽ സമർപ്പിക്കാം. നമ്മുടെ പ്രശസ്തി, നമ്മുടെ ജീവിതം, നമ്മുടെ ഭവനം അങ്ങനെ എല്ലാം" ഈ വാക്കുകൾ പറഞ്ഞുകൊണ്ടാണ് അദ്ദേഹം അവസാനിപ്പിച്ചത്. അന്നു വൈകീട്ട് പുതിയ കപ്പേളയിലേക്ക് ആദ്യത്തെ തീർത്ഥാടനം നടത്തി. ഫോളാറൻസിയോ വരേലയിലെ ഇടവക വൈദികനും മറ്റൊരു പ്രധാന വ്യക്തിയും ഇതിൽ പങ്കെടുത്തു. തന്റെ പ്രസംഗത്തിൽ ഫാ. കെന്റണിഹ് പറഞ്ഞു, നമ്മൾ അഭിമുഖീകരിക്കുന്ന കാലം മരിയൻ സ്വഭാവമുള്ളതാണ്. ലോകത്തിൽ ഈ ഇഷ്ടം പ്രകടമാകുന്നില്ല. ആദ്യത്തെ തീർത്ഥാടകരെ ചൂണ്ടിക്കാട്ടികൊണ്ട് അദ്ദേഹം പറഞ്ഞു: "നമുക്കുശേഷം ഇവിടെ ലക്ഷക്കണക്കിന് തീർത്ഥാടകർ എത്തും" ഫെബ്രുവരി 14 തുടങ്ങി മാർച്ച് 19 വരെ പള്ളോട്ടിൻ വൈദികർക്കു വേണ്ടി ബ്രസീലിലെ സാന്താമരിയയിൽ ഒരു ധ്യാനം നടത്തി. 73 പ്രഭാഷണങ്ങൾ ഇക്കാലത്ത് അദ്ദേഹം നടത്തി. 63 പ്രഭാഷണങ്ങൾ വൈദികർക്കും 9 പ്രഭാഷണങ്ങൾ ഷേൺസ്റ്റാട്ട് കുടുംബത്തിനും ഒരെണ്ണം മരിയൻ ബ്രദേഴ്സിനും വേണ്ടിയായിരുന്നു. അർജന്റീനയിലെ



പോലെതന്നെ സാന്താമരിയയിലും മരിയൻ സിസ്റ്റേഴ്സിനോട് സംസാരിക്കാൻ ഡിക്രി അനുവദിച്ചില്ല. ഒരു പിതാവ് തന്റെ വീട്ടിൽ ചെല്ലുകയും തന്റെ മക്കളോടു സംസാരിക്കാൻ പാടില്ലെന്ന് സഭ മുടക്കുകയും ചെയ്യുന്നു. ആ സ്ഥിതി ചിന്തിക്കുക. "എന്റെ പ്രിയപ്പെട്ട ഷേൺസ്റ്റാട്ട് കുടുംബമേ, ഈ സമയം നിങ്ങൾക്കും എനിക്കും വിഷമം പിടിച്ചതാണ്. നിങ്ങളെ അഭിവാദനം ചെയ്യുന്നതാണ് എനിക്ക് വിഷമം. നിങ്ങളോട് സംസാരിക്കുന്നതിൽ നിന്നും എന്നെ വിലക്കിയിരിക്കുന്നു. ദൈവം ഈ വഴിയാണ് ആഗ്രഹിക്കുന്നത്... എല്ലായ്പ്പോഴും ഞാൻ ദൈവത്തെ പ്രീതിപ്പെടുത്തും".

യു.എസ്.എ- യിലേക്ക് പോകുന്നതിനു മുൻപ് ചിലിയിലെ ബെല്ലാവിസ്തായിൽ കൂടിയിരുന്ന ഷേൺസ്റ്റാട്ട് അംഗങ്ങളോട് അദ്ദേഹം പറഞ്ഞു: "ദൈവം നിശ്ചയിക്കുന്ന വഴിയിൽ കൂടി നമുക്കു മുന്നേറാം. നമ്മെ ദൈവത്തിന് പൂർണ്ണമായി സമർപ്പിക്കാം. ഇരുട്ടിന്റെ വഴിയിൽക്കൂടി, സഞ്ചരിക്കേണ്ടിവന്നാലും അഗാധ ഗർത്തങ്ങളിൽ വീഴേണ്ടിവന്നാലും നാം ദൈവത്തിന് അധീനരായി ജീവിക്കണം". ജർമ്മനിയിലെ മോൺ ജോസഫ് സ്മിത്തിന് മെയ് മാസത്തിൽ ഫാ.കെന്റണിഹ് ഒരു കത്തെഴുതി. ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തിന്മേലും തന്റെ മേലും ആഞ്ഞടിച്ചിരിക്കുന്ന വിമർശനങ്ങളെ

പ്പറ്റിയാണ് അദ്ദേഹം എഴുതിയത്. "ലോകത്തിന്റെയും, സഭയുടെയും ഭാവിയിൽ ഞങ്ങൾക്ക് ആശങ്കയുണ്ട്. സഭാധികാരികൾക്ക് ലോകത്തിന്റെയും, സമൂഹത്തിന്റെയും സഭയുടെയും മനുഷ്യന്റെയാകമാനവും പുതിയ പ്രതിച്ഛായ എടുക്കാൻ പറ്റുന്നില്ല". നിരന്തരമായ ഈ പ്രതിസന്ധിയിലൂടെയാണ് ഷേൺസ്റ്റാട്ട് വളർന്നത്. മാനുഷിക കണ്ണുകളോടെ നോക്കുമ്പോൾ വേറെ ഒരു വഴി തിരഞ്ഞെടുക്കണമെന്ന് തോന്നും. പക്ഷെ ദൈവം ഈ വഴിയാണ് കാണിച്ചുതന്നിരിക്കുന്നതെന്ന് അദ്ദേഹം വിശ്വസിച്ചു. "ദൈവം സംസാരിക്കുമ്പോൾ സൃഷ്ടി നിശ്ശബ്ദമാകുന്നു. അവിടെ ഒഴിവുകളില്ല. നിങ്ങൾ പോകണം; ഇതാണ് ദൈവത്തിന്റെ വചനം. അതുകൊണ്ട് ഞാൻ പോയി. ഞാൻ ഒരു കാര്യം രണ്ടും, മൂന്നും പ്രാവശ്യം ചെയ്യുന്നു. ഫലങ്ങൾ ദുഃഖകരമാണെങ്കിലും".

ജൂൺ ആദ്യത്തിൽ ഫാ. കെന്റണിഹ് അവിടെ നിന്നും പോകുവാനായി നിശ്ചയിച്ചിരിക്കുന്നു. ജൂൺ 6-ാം തീയതി ചിലിയിലെ പള്ളോട്ടിൻ പ്രൊവിൻഷ്യൽ സുപ്പീരിയർ ഫാ. കാർലോസ് സേർ അസഹ്യതയോടു കൂടി ബെല്ലാവിസ്തയിലേക്ക് മടങ്ങി. കാരണം കെന്റണിക്കച്ചനുവേണ്ടി ഉണ്ടാക്കിയ സ്യൂട്ട് ആരോ മോഷ്ടിച്ചിരിക്കുന്നു. പുതിയ സ്യൂട്ട് തുന്നുന്നതുവരെ യാത്ര നീട്ടിവച്ചു. ജൂൺ 20-ാം തിയ്യതി 'ലോസ് ഡെറിയോസ്' വിമാനത്താവളത്തിൽ നിന്നും യു.എസ്സിലേക്കു പോയി. ഗുഡ്ബൈ പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: "ഈ തവണ ഇവിടെനിന്നും പോകാൻ വളരെ വിഷമമുണ്ട്. എന്തെന്നാൽ നമ്മൾ തമ്മിലുള്ള ബന്ധം വളരെ ആഴമുള്ളതാണ്". ●

*കള്ളൻ കട്ട മുതൽ തുടർച്ച.....*

അവനാ കൈകളിൽ മുഖം ചേർത്തു.

അവന്റെ കണ്ണീർ ആ പാദങ്ങളിൽ ഉറ്റിവീണു.

ആ മാതൃഹൃദയം തേങ്ങി......

വല്യമ്മ കള്ളന്റെ മുടിയിൽ തഴുകി, വാത്സല്യപൂർവ്വം അവനെ തന്റെ മാറോട് ചേർത്ത് നെറുകയിൽ ചുംബിച്ചു.

എന്നിട്ടു പറഞ്ഞു : നിനക്ക് എന്നേയും ഒരമ്മയായി കണ്ടൂടേടാ മോനേ?

നിന്റെ അമ്മ തന്നാൽ നീ വാങ്ങൂലേ...?

ഇത് മോഷണമുതലായി കാണേണ്ട.

ഇത് എന്റെ ജീവൻ രക്ഷിച്ചതിന് നിനക്കുള്ള പ്രതിഫലമാണ്, നീ ഇവിടെ വന്നത് കൊണ്ട് രണ്ടു ജീവനാണ് രക്ഷപ്പെട്ടത്... ഒന്ന് എന്റേതും, മറ്റൊന്ന് നിന്റെ അമ്മയുടെയും...

ആ സംസാരം ഒരുപാട് നീണ്ടുനിന്നു.

ആ അമ്മയും മകനും വല്ലാതെ അടുത്തു.

ആ മാതൃഹൃദയം പുതിയ ഒരു മകനെ ഗർഭംധരിച്ചു.

അവിടെ നിന്നും യാത്ര പറഞ്ഞു കള്ളൻ പുറത്തേക്കു നടക്കാൻ നേരം കള്ളൻ പറഞ്ഞു:

ഞാനിനിയും വരും...

ഈ പണം തിരികെ നൽകാനും,

എന്റെ അമ്മയുടെ സുഖവിവരങ്ങൾ അറിയാനും, അത് പറയുമ്പോൾ അവന്റെ കണ്ഠം ഇടറിയിരുന്നു.

കള്ളൻ വന്ന വഴിയിലൂടെ തന്നെ എല്ലാം നേരെയാക്കി പുറത്തെത്തി.

അപ്പോഴും ആ മുറിയിലെ വെളിച്ചം കെടുത്തിയിരുന്നില്ല.

കള്ളൻ ആ മുറിയിലേക്ക് നോക്കി കലങ്ങിയ ഹൃദയവുമായി തിരിഞ്ഞു നടന്നു

മോഷ്ടിച്ച മനസ്സും....

മോഷ്ടിക്കാത്ത പണവുമായി...

ഒരു വാട്സ്ആപ്പ് കഥ ●







# ബാലദൂത്

## വലുതാകുമ്പോൾ മറക്കരുത്

ആദർശ് എന്ന 13 വയസുകാരൻ മാതാപിതാക്കൾക്ക് വിധേയപ്പെട്ട് ജീവിക്കുന്ന ഒരു മിടുക്കൻ കുട്ടനാണ്. വേനലവധികാലത്ത് വീടുകൾ തോറും കയറിയിറങ്ങി കളിക്കോപ്പുകൾ, മാല, വള എന്നിവ വിറ്റ് അവൻ തന്റെ മാതാപിതാക്കളെ സഹായിക്കുമായിരുന്നു. നാട്ടിലും അദ്ധ്യാപകരുടെ ഇടയിലുമെല്ലാം ആദർശിനെ കുറിച്ച് പറയാൻ ഒത്തിരിയുണ്ട്. കിട്ടുന്ന പൈസകൊണ്ട് മറ്റുള്ളവരെ സഹായിക്കാനും അവൻ സമയം കണ്ടെത്തിയിരുന്നു. അതിരാവിലെ ദേവാലയത്തിൽ ബലിയർപ്പണത്തിൽ പങ്കുചേർന്ന് ദിവ്യകാരുണ്യം സ്വീകരിച്ചുകൊണ്ടാണ് അവൻ തന്റെ ജോലിയ്ക്കായി ഇറങ്ങുന്നത്. പഠനത്തിലും അവൻ സമർത്ഥനായിരുന്നു. ഒരു ദിവസം വീടുകൾ തോറും കയറി ഇറങ്ങുന്നതിനിടയിൽ അവന് വല്ലാത്ത ദാഹം തോന്നി. ഒരു വീട്ടിൽ കയറി ബെല്ലടിച്ചപ്പോൾ ഒരു സ്ത്രീ ഇറങ്ങി വന്നു. എന്താ മകനെ? അവൻ പറഞ്ഞു എനിക്ക് ഒരു ഗ്ലാസ് വെള്ളം തരാമോ? തീർച്ചയായും. ആ സ്ത്രീ അകത്തേയ്ക്ക് പോയി ഒരു ഗ്ലാസ് പാലുമായി വന്നു. അവൻ പറഞ്ഞു എനിക്ക് വെള്ളം മതി. അവരുടെ നിർബന്ധത്തിനു വഴങ്ങി അവൻ ആ പാലുകുടിച്ച് അവരോട് നന്ദി പറഞ്ഞ് അവിടെ നിന്ന് പോയി. വർഷങ്ങൾക്ക് ശേഷം ആദർശ് എന്ന മിടുക്കൻ പഠിച്ച് ഒരു ഡോക്ടർ ആയി. അറിയപ്പെടുന്ന ഒരു ഹോസ്പ്പിറ്റലിൽ ജോലി ചെയ്ത് വരികേ, ഒരു ദിവസം ഒരു ഗ്ലാസ്സ് പാൽ കൊടുത്ത ആ സ്ത്രീ രോഗബാധിതയായി അവന്റെ ഹോസ്പിറ്റലിൽ ചികിത്സക്കായെത്തി. ആദർശിനെ അവർ തിരിച്ചറിഞ്ഞില്ല. പക്ഷേ, ആദർശ് അവരെ മറന്നില്ല. അവർക്ക് ആവശ്യമായ ശുശ്രൂഷകൾ അവൻ ചെയ്തു കൊടുത്തു. രോഗം സുഖപ്പെട്ട് അവർ മടങ്ങവെ, ബില്ലടയ്ക്കുന്നതിനായി കൗണ്ടറിലെത്തി, കൗണ്ടറിലുള്ളവർ പറഞ്ഞു ബില്ല് നേരത്തെ അടച്ചു. എന്നിട്ട് ഒരു കത്ത് അവർക്ക് കൊടുത്തു. അതിൽ ഇപ്രകാരം എഴുതിയിരുന്നു 'ഒരു ഗ്ലാസ് പാലിന്റെ വില'.

പ്രിയ കൂട്ടുകാരെ നമ്മുടെ ജീവിത യാത്രയിൽ നമ്മെ സഹായിച്ചവരെ വലുതാകുമ്പോൾ മറക്കരുതേ... ആദർശിനെപോലെ അവരെ നന്ദിയോടെ ഓർക്കണെ... കടന്നുപോയ വഴികളും സഹായിച്ച കരങ്ങളും ഒരിക്കലും മറക്കരുത് കഴിഞ്ഞ കാലങ്ങളിൽ നമ്മെ സഹായിച്ചവരെ ഓർത്തു നോക്കാം. അദ്ധ്യാപകർ, മാതാപിതാക്കൾ, കൂട്ടുകാർ...അങ്ങനെ എത്രയോ പേരോടാണ് നാം കടപ്പെട്ടിരിക്കുന്നത്. അവരെ ഓർത്ത് നമുക്ക് ദൈവത്തോട് നന്ദി പറയാം. അതോടൊപ്പം തന്നെ മറ്റുള്ളവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് അവരെ സഹായിക്കാൻ നമുക്ക് പരിശ്രമിക്കാം.

**സ്നേഹപൂർവ്വം**
**നിങ്ങളുടെ ദോസ്ത്**

## ഹൃദയമൊഴി

ഡോ. ജോയ് പുതുശ്ശേരി ISch

# കുലീനമായി സഹിക്കാൻ

നോമ്പുകാലം ഒരു തിരിഞ്ഞുനോട്ടത്തിനുള്ള അവസരമാണ്. നോമ്പ്കാലം തുടങ്ങി ഉയിർപ്പുകാലം വരെ, നമ്മുടെ വ്യക്തി, വിശ്വാസ, കുടുംബ ജീവിതത്തിലേക്ക് സഹനവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് വിചിന്തനത്തിനായി നൽകപ്പെട്ടിരിക്കുന്നത്. എന്തിനാണ് താൻ ഇങ്ങനെ സഹിക്കുന്നത് എന്ന ചോദ്യം പലരുടെ ജീവിതത്തിലും ഉത്തരം നൽകി പൂരിപ്പിക്കാൻ കഴിയാത്ത സമസ്യയാണ്. സഹനത്തെ മാറ്റി നിർത്തിയാൽ ജീവിതമില്ല. കാരണം ജീവിതത്തിന്റെ അടിസ്ഥാനമായ സ്നേഹത്തിന്റെ അടിത്തറ ത്യാഗനിർഭരമായ സഹനമാണ്. അപ്പോൾ സഹനത്തെ നേരിടാൻ നമുക്ക് വേണ്ടത് മനോഭാവത്തിലുള്ള മാറ്റമാണ്.

തത്വജ്ഞാനിയായ മുൻ ഇന്ത്യൻ പ്രസിഡന്റ് ഡോ. എ.പി.ജെ അബ്ദുൾ കലാം വേദനയെക്കുറിച്ച് നിർവചനം നൽകുന്നതിങ്ങനെയാണ് Positive attitude in Negative Situation (Pains). നിഷേധാത്മകമായ സഹാചര്യങ്ങളിലുള്ള ക്രിയാത്മകമായ സമീപനം.

യേശു തന്റെ ശിഷ്യരാകാൻ വിളിച്ചവർക്കും തന്റെ പിൻഗാമികളാക്കാൻ ആഗ്രഹിച്ചവർക്കും അവരുടെ കുരിശുകളോ സഹനങ്ങളോ ഇല്ലാതാക്കുമെന്നോ മാറ്റിക്കൊടുക്കുമെന്നോ വാഗ്ദാനം കൊടുക്കുന്നില്ല. അതുമാത്രമല്ല സ്വന്തം കുരിശുകൾ – വേദനകൾ, വിഷമങ്ങൾ, രോഗങ്ങൾ, അസന്തുഷ്ടി, മാനസീകവും ശാരീരികവുമായ വെല്ലുവിളി വഹിച്ചുകൊണ്ട് അനുഗമിക്കാനാണ് ആവശ്യപ്പെടുന്നത്. (മത്താ 16:24–26) ഇവിടെ എങ്ങനെ കുരിശ് ചുമക്കാമെന്ന് യേശു നമ്മെ പഠിപ്പിക്കുകയാണ്.

കുലീനതയോടെ സഹിക്കുമ്പോൾ സഹനത്തിന് മാധുര്യം കൂടും, സൗഭാഗ്യത്തിന്റെ നിഴൽ കാണാൻ സാധിക്കും. കുലീനതയോടെ സഹനത്തെ നേരിടുക എന്നുപറയുമ്പോൾ എന്റെ രോഗമായാലും സഹനമായാലും അതിലൂടെ ദൈവത്തിന് ഒരു ലക്ഷ്യമുണ്ട് എന്നുള്ള തിരിച്ചറിവിലേക്ക് വരിക എന്നാണ് അർത്ഥം. അത് സഹനം ദൈവീക പദ്ധതിയുടെ ഭാഗമാണെന്ന വിശ്വാസവും ഏറ്റുപറച്ചിലുമാണ്. എനിക്കായി ക്ഷേമത്തിന്റെ പദ്ധതികൾ ഒരുക്കിയവൻ തന്നെ എന്റെ നന്മയ്ക്കായ് കുരിശുകൾ നൽകി എന്ന് തിരിച്ചറിയാൻ കഴിയണം (ജെറമിയ 29:11–13)

ഒരു വാർഷിക ധ്യാനത്തിൽ പങ്കെടുക്കുമ്പോൾ കൂടെ ധ്യാനിച്ചിരുന്ന സിനിയെന്ന (യഥാർത്ഥ പേരല്ല) പെൺകുട്ടിയെ പരിചയപ്പെട്ടു കാരണം ധ്യാനത്തിന്റെ ഓരോ പ്രസംഗത്തിനും തന്റെ കൂട്ടുകാരിയുടെ കൈപിടിച്ചാണ് അവൾ വന്നിരുന്നത്. ബി.എഡ് പഠിച്ചതിന് ശേഷം എം.എസി പാസായ വ്യക്തിയാണ് സിനി. അപ്പോഴാണ് ഗില്ലൻ ബാരേ സിൻഡ്രോം (Guilliam Barre Syndrome) എന്ന രോഗം തുടങ്ങിയത്. ശരീരത്തിലെ മസിലുകളുടെ ശക്തി ക്രമേണ കുറയുന്ന രോഗാവസ്ഥയാണിത്. വർഷങ്ങളായി എല്ലാകാര്യങ്ങൾക്കും സഹോദരങ്ങളെയോ മാതാപിതാക്കളെയോ ആശ്രയിച്ചുള്ള ജീവിതം ശാരീരിക വേദനമാത്രമല്ല മറ്റുള്ളവരെ ബുദ്ധിമുട്ടിക്കേണ്ടിവന്നതിനാലുള്ള മനസ്സിന്റെ നൊമ്പരവും ഒരു വശത്ത്, ധ്യാനത്തിന്റെ അവസാനം – നിനക്ക് വേണ്ടി പ്രാർത്ഥിക്കാം എന്നു പറഞ്ഞപ്പോൾ അവളുടെ മറുപടി ഇങ്ങനെയായിരുന്നു. “എന്റെ സൗഖ്യത്തിന് വേണ്ടിയല്ല അച്ചൻ പ്രാർത്ഥിക്കേണ്ടത്; മറിച്ച് യേശുതന്ന ഈ രോഗം കുലീനമായി സഹിക്കാനുള്ള കരുത്തിനുവേണ്ടി”

നമ്മുടെ സഹനങ്ങൾ എല്ലായ്പ്പോഴും നമുക്കുവേണ്ടി മാത്രം ഉള്ളതല്ല. നമ്മൾ സഹനത്തെ കുലീനമായി നേരിടുമ്പോൾ നമ്മുടെ സഹനം മറ്റുള്ളവർക്ക് അവർ തേടുന്ന ചോദ്യങ്ങൾക്ക് – ഉത്തരങ്ങളായി മാറാം, പ്രതീക്ഷ നഷ്ടപ്പെട്ടവർക്ക് പ്രത്യാശയുടെ അടയാളമാകാം, ജീവിതത്തിന്റെ ദുഃഖവെള്ളികളിലൂടെ കടന്നുപോകുന്നവർക്ക് ഒരു ഉത്ഥാനത്തിന്റെ അനുഭവമായി തീരാം.

“സ്നേഹം സഹനംകൊണ്ട് ജീവിക്കുന്നു; സഹനം സ്നേഹത്തെ പരിപോഷിപ്പിക്കുകയും കാത്തുസൂക്ഷിക്കുകയും ചെയ്യുന്നു”



# വാർത്താജാലകം

❖ **പൗരോഹിത്യ സിൽവർ ജൂബിലി**

ഭാരതത്തിലെ ഷേൺസ്റ്റാട്ട് വൈദിക സമൂഹത്തിലെ പ്രഥമ അംഗമായ ബഹുമാനപ്പെട്ട ഫാ. റോയി വെണ്ണൂക്കാരൻ പൗരോഹിത്യ സിൽവർ ജൂബിലിയിലേക്കു പ്രവേശിച്ചിരിക്കുന്നു. ജനുവരി 1-ാം തിയതി വരടിയം ജീവാലയ ബോയ്സ് ഹോമിൽ ജൂബിലി വർഷാരംഭം കുറിച്ചുകൊണ്ട് ജൂബിലിത്തിരി തെളിയിക്കുകയും ദിവ്യബലി അർപ്പിക്കുകയും ചെയ്തു. പ്രൊവിഡൻസ് റീജണൽ സുപ്പീരിയർ ഫാ. ജോയി മടത്തുംപിടി ഷേൺസ്റ്റാട്ട് വൈദിക സമൂഹത്തിന്റെ പേരിൽ ആശംസകൾ അർപ്പിച്ചു.

❖ **കോളേജ് വാർഷികാഘോഷം**

ആളൂർ ഷേൺസ്റ്റാട്ട് അക്കാദമി കോളേജിന്റെ വാർഷികാഘോഷങ്ങൾ ജനുവരി 25-ാം തിയതി വിവിധ കലാപരിപാടികളോടെ നടത്തി. കോളേജ് മാനേജർ റവ. ഫാ. ബാബു കളത്തിങ്കൽ, പ്രിൻസിപാൾ റവ.ഫാ. ബിജോയ് കെട്ടേക്കുടിയിൽ എന്നിവർ വിദ്യാർത്ഥികൾക്ക് ആശംസകൾ നേർന്നുകൊണ്ട് ഉദ്ഘാടന ദീപം തെളിയിച്ചു.

❖ **കോളേജ് വിദ്യാർത്ഥികൾക്കുള്ള ധ്യാനം**

വാർഷിക പരീക്ഷയ്ക്കായുള്ള ആത്മീയ ഒരുക്കത്തിന്റെ ഭാഗമായി കുറ്റൂർ ഷേൺസ്റ്റാട്ട് അക്കാദമി കോളേജിൽ വിദ്യാർത്ഥികൾക്കായി മൂന്നു ദിവസത്തെ ധ്യാന ശുശ്രൂഷ നടത്തി.

❖ **നവ വൈദികർ അജപാലന രംഗത്ത്**

ഫാ. സാജൻ പുത്തൂർ തൃശ്ശൂർ അതിരൂപതയിലെ കിഴക്കേ കല്ലൂർ സെന്റ് റാഫേൽ ഇടവക ദേവാലയത്തിലും ഫാ. റോബിൻ ചമ്പന്നൂക്കാരൻ, തീർത്ഥാടന കേന്ദ്രമായ കാഞ്ഞൂർ സെന്റ് സെബാസ്റ്റ്യൻ ഫെറോന പള്ളിയിലും ഫാ. ജെറിൻ ചൂണ്ടൽ തൃശ്ശൂർ അതിരൂപതയുടെ കീഴിലുള്ള തിരൂർ സെന്റ് തോമസ് ഇടവക ദേവാലയത്തിലും കൊച്ചച്ചൻമാരായി സേവനം ചെയ്യുന്നു.

❖ **ബാംഗ്ലൂർ ഷേൺസ്റ്റാട്ട് മൂവ്മെന്റ്**

വിവിധ സംസ്ഥാനങ്ങളിൽ നിന്നും ബാംഗ്ലൂരിൽ പഠനവും ജോലിയുമായി കഴിയുന്ന യുവജനങ്ങൾക്കു വേണ്ടിയുള്ള ഷേൺസ്റ്റാട്ടിന്റെ വിവിധ അപ്പസ്തോലിക പ്രവർത്തനങ്ങൾ, പുതിയ മൂവ്മെന്റ് ഡയറക്ടറായി തെരഞ്ഞെടുക്കപ്പെട്ട ഫാ. ജോബി പോത്തന്റെ നേതൃത്വത്തിൽ നടത്തിവരുന്നു.

❖ **അറിയിപ്പുകൾ**

കുറ്റൂർ സീയോൻ സെന്ററിൽ സാൾട്ട് (Schoenstatt Academy for Life Transmission and Transformation) ലൈഫ് സ്കൂളിന്റെ നേതൃത്വത്തിൽ 2018 ഏപ്രിൽ- മെയ് മാസങ്ങളിൽ വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കുമായി വിവിധ തരത്തിലുള്ള അവധിക്കാല പ്രോഗ്രാമുകൽ നടത്തുന്നു. കൂടുതൽ വിവരങ്ങൾ അറിയുവാൻ ആഗ്രഹിക്കുന്നവർ വിളിക്കേണ്ട ഫോൺ നമ്പറുകൾ : 9747431471, 9497304825

❖ **ഷേൺസ്റ്റാട്ട് യുവജന ക്യാമ്പുകൾ**

14 വയസ്സു മുതൽ 18 വയസ്സുവരെയുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി നടത്തുന്ന ഷേൺസ്റ്റാട്ട് ലൈഫ് സ്ട്രീം ക്യാമ്പ് ഏപ്രിൽ 22-ാം തിയതി 4.00 p.m മുതൽ ഏപ്രിൽ 25-ാം തിയതി 10.00 a.m വരെ കുറ്റൂർ സീയോൻ സെന്ററിൽവച്ചും ഏപ്രിൽ 26-ാം തിയതി മുതൽ ഏപ്രിൽ 28-ാം തിയതിവരെ ആളൂർ ഷേൺസ്റ്റാട്ട് മേരിമാതാ ഭവനിൽവെച്ചും നടത്തുന്നു.

❖ **Schoenstatt Academy**
**Computer & Language Courses**
**(German & Spanish Language Courses)**
**Contact For Details : 8086759173**

"ഓരോ തുള്ളി വെള്ളമിറക്കുമ്പോഴും കോഴി അതിന്റെ കൊക്ക് മുകളിലേയ്ക്ക് ഉയർത്തുന്നതുപോലെ നമ്മളും എല്ലാ കാര്യങ്ങളിലും ദൈവത്തിലേയ്ക്കു നോക്കുക"
















Nothing
without You
MTA








# ഷേൺസ്റ്റാട്ട് വൈദീക സമൂഹത്തിലേക്ക്

# സ്വാഗതം






**അമ്മേ, നിന്റെ ഉപകരണങ്ങളാകുവാൻ ഞങ്ങളിതാ വരുന്നു!**
**അനുഗ്രഹദാനങ്ങളുടെ ദാതാവായ അമ്മേ, ഞങ്ങളുടെ കുടുംബ**
**കൂട്ടായ്മയെ ഹൃദയങ്ങളിൽ നിന്ന് ഹൃദയങ്ങളിലേക്കും രാജ്യങ്ങളിൽ നിന്ന്**
**രാജ്യങ്ങളിലേക്കും വ്യാപിപ്പിച്ച് ദൃഢമാക്കണമെ.!**

**ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നൽകുവാൻ....**
**മാതാവിന്റെ അപ്പസ്തോലൻമാരാകുവാൻ...**
**പരി. അമ്മയോടും ഞങ്ങളോടുമൊത്ത് സ്നേഹ ഉടമ്പടിയിൽ ജീവിക്കുവാൻ...**
**ഫാദർ ജോസഫ് കെന്റണിക്കിനെപ്പോലെ സഭയെ സ്നേഹിക്കുവാൻ**
**താൽപര്യമുള്ള യുവാക്കളെ ക്ഷണിക്കുന്നു.**

## ബന്ധപ്പെടേണ്ട വിലാസം:


**Vocation Promoter**
Mary Matha Schoenstatt Bhavan
Anathadam, Aloor, Thrissur-680 683
Ph: 0480-2723164

**Vocation Promoter**
Sion Centre, Schoenstatt Fathers
Kuttur P.O., Thrissur, Kerala-680 013
Ph: 0487-2383306

**Vocation Promoter**
Schoenstatt Study House
P.B. No. 618, Aluva-683 102
Ph: 0484-2606450